RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 3 ● നവംബർ 2025 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

വിജയി
പ്രത്യേക പതിപ്പ്

Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

ജീവിതത്തിൽ വലിയ വിജയം കൈവരിക്കണം എന്ന മോഹത്തോടെ,
അത് മാത്രം ലക്ഷ്യമാക്കി കഠിനമായി അധ്വാനിച്ച്
വിജയിയായി മാറാൻ ശ്രമിക്കുന്നവർക്ക് വഴി കാട്ടുന്ന

വിജയി
പ്രത്യേക പതിപ്പ്

താങ്കൾക്ക് നൽകുന്നതിൽ
അഭിമാനമുണ്ട്.

വെണ്മ
നവംബർ 2025
03

വിജയത്തെ പോലെ വിജയിക്കുന്ന മറ്റൊന്നില്ല...

പ്രിയരേ,

ജീവിതത്തിൽ ഏതു രംഗത്തും വിജയിക്കുന്നതിന് കഠിനമായി അധ്വാനിക്കണം. ഓരോ നേട്ടവും മുതലാക്കി വിജയ സോപാനത്തിൽ എത്താൻ പോരാടിക്കൊണ്ടിരിക്കണം. തുടക്കത്തിൽ ഒരു വിജയം നേടാനുള്ള കഴിവും ശേഷിയും എല്ലാവർക്കും ഉണ്ടാകും. 'ഈ മേഖലയിൽ പഠിക്കണം', 'ഈ ജോലിയിൽ ചേരണം', 'ഇങ്ങനെയുള്ള ഒരു ജീവിതം നയിക്കണം' എന്നിങ്ങനെ ഓരോരുത്തർക്കും ഒരു സ്വപ്നം ഉണ്ടാകും. ആ സ്വപ്നം സാക്ഷാൽക്കരിക്കാൻ അവർ എല്ലാം തൃണവൽഗണിച്ച് പരിശ്രമിക്കും. ആ ലക്ഷ്യത്തിനു വേണ്ടി പരമാവധി പരിശ്രമിച്ച് തങ്ങൾ വിജയിച്ചതായി അവർ കരുതി എല്ലാ ശ്രമവും വേണ്ടെന്നു വയ്ക്കും. അങ്ങനെ കുറച്ചു നാളുകൾക്കു ശേഷം തുടങ്ങിയ ഇടത്ത് തന്നെ വന്നു നിൽക്കും.

ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞാൽ വിജയം തങ്ങളുടെ കൂടെ നിരന്തരം ഉണ്ടാകുംഎന്ന്കരുതുന്നനിരവധിപേരെ കാണാറുണ്ട്.ഇനിയാണ് കളിയെന്നു പലർക്കും അറിയില്ല. കഠിനമായ വ്യായാമവും കായിക പരിശീലനവും നടത്തി പോലിസിൽ ചേരുന്നവർക്ക് കുറഞ്ഞ നാളുകൾക്കുള്ളിൽ അതിലുള്ള താൽപര്യം പോകും. ധാരാളം വായിച്ചു പഠിച്ച് കോളേജ് അധ്യാപകൻ ആകുന്ന ഒരാൾ തന്റെ പഠനം പാതി വഴിയിൽ ഉപേക്ഷിക്കും. രാവും പകലും കഷ്ടപ്പെട്ട് വ്യവസായത്തിൽ വിജയം കൈവരിച്ചവർ ഒരു പടി എത്തുമ്പോൾ എല്ലാം വിട്ട് സുഖ ജീവിതത്തിലേക്ക് മടങ്ങും. ജീവിതത്തിന്റെഎല്ലാമേഖലകളിലും ഇത് പതിവാണ്.

ഒരു കൃഷി ക്കാരൻ കൃഷി നടത്തി ആദ്യ വിളവ് എടുത്ത ശേഷം വീണ്ടും വയൽ ഉഴുത് വീണ്ടും കൃഷിക്ക് തയാറെടുക്കുന്നു. അത് പോലെ ഓരോ വിജയത്തിന് ശേഷവും അതിനെ കാത്തു പരിപാലിക്കാൻ വീണ്ടും കഠിനമായി അധ്വാനിക്കണം.

ജിവിതത്തിൽ വിജയം കൈവരിക്കണം എന്ന ചിന്ത നമുക്ക് എല്ലാവർക്കും ഉണ്ടാകാം. അത് വെറും മോഹമായി അവശേഷിക്കണോ അതോ ഉന്നത ലക്ഷ്യമായി മാറണോ എന്ന് തീരുമാനിക്കുന്നത് നാം തന്നെയാണ്. അധ്വാനിക്കാൻ മടിയില്ലാത്തവർക്കു അത് ഒരു ലക്ഷ്യമാണ് . അലസത മുഖമുദ്ര ആയവർക്ക് അതൊരു മോഹമായി അവശേഷിക്കും.

വലിയ നേട്ടങ്ങൾ കൈവരിച്ചവർ അല്ല വിജയികൾ. ആ നേട്ടങ്ങളെ നിരന്തരമായ വിജയങ്ങൾആക്കുന്നവരാണ്വിജയികൾആകാൻ സാധ്യത ഉള്ളവർ. ലോകത്തിലെ വലിയ വിജയികളിൽ ഒരാളാണ് യു എസിലെ ശത കോടീശ്വരനായ വാറൻ ബഫെ. വളരെ സാധാരണ നിലയിൽ നിന്ന് വന്ന അദ്ദേഹം സമ്പാദിച്ച ഭീമമായ സമ്പത്ത് വർധിപ്പിക്കാൻ എന്തെല്ലാം കൈക്കൊണ്ടു എന്ന് ആരായുക നന്നായിരിക്കും.

'ചെലവു കഴിഞ്ഞുള്ള മിച്ചം സമ്പാദിക്കാൻ നോക്കേണ്ട, സമ്പാദിച്ച ശേഷം ബാക്കിയുള്ള തുക ചെലവു ചെയ്യുക' എന്ന അദ്ദേഹത്തിന്റെ ഉപദേശം എത്രയോ പേരെ വിജയത്തിലേക്ക് നയിച്ചിരിക്കുന്നു. 'നിങ്ങൾക്ക് വേണ്ടാത്ത വസ്തുക്കൾ വാരിക്കൂട്ടാൻ പണം ചെലവഴിച്ചാൽ അടുത്തു തന്നെ നിങ്ങൾക്ക് ആവശ്യമുള്ള വസ്തുക്കൾ വിറ്റഴിക്കേണ്ടി വരും,' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ പലരെയും തോൽവികളിൽ നിന്നും രക്ഷിച്ചിരിക്കുന്നു.

ഓഹരി വ്യാപാര ത്തിൽഏർപ്പെട്ടിരുന്ന വാറൻ ബഫെ , യു എസിൽ സാമ്പത്തിക മാന്ദ്യം ഉണ്ടായ കാലത്ത് തന്റെ കൈവശം ഉള്ള മുഴുവൻ പണവും ഓഹരികളിൽ നിക്ഷേപിച്ചു. കുടുംബം ദാരിദ്ര്യത്തിൽ ആഴ്ന്നപ്പോൾ വാറന് ഒരു വയസ്സായിരുന്നു. തന്റെ അച്ഛൻ തനിക്ക് ആഹാരം വാങ്ങിത്തരാൻ പോലും ക്ലേശിച്ചിരുന്നു എന്ന കാര്യം അദ്ദേഹം ചെറുപ്രായത്തിലേ മനസ്സിലാക്കിയിരുന്നു. '35 വയസ്സാകുമ്പോഴേക്കും താൻ വലിയ സമ്പന്നൻ ആയി മാറണമെന്ന' നിശ്ചയത്തോടെ അദ്ദേഹം കഠിനമായി അധ്വാനിച്ചു.

പത്താമത്തെ വയസ്സിൽ 'ആയിരം ഡോളർ സമ്പാദിക്കാൻ ആയിരം വഴികൾ' എന്ന പുസ്തകം അദ്ദേഹം ലൈബ്രറിയിൽ വായിച്ചു. അതിലുണ്ടായിരുന്ന ഒരു കുറിപ്പ് അദ്ദേഹത്തെ ഏറെ ആകർഷിച്ചു. 'ഒരു വസ്തു വാങ്ങി ഒരു നിശ്ചിത ലാഭത്തിന് നിങ്ങൾക്ക് വിൽക്കാൻ കഴിഞ്ഞാൽ ആ ലാഭം ഉപയോഗിച്ച് അത് പോലൊരു വസ്തു കൂടുതലായി വാങ്ങി വിൽക്കുക. നിങ്ങളുടെ ലാഭം വീണ്ടും വീണ്ടും മൂലധനമായി മാറും. ഇതിനു ശേഷം ആ വസ്തു നിങ്ങൾ തന്നെ ഉൽപ്പാദിപ്പിച്ച് വിൽക്കുക. ഇങ്ങനെ പണം സമ്പാദിക്കാൻ നീണ്ട വർഷങ്ങൾ വേണ്ടി വരും. എങ്കിലും ഇത് ഏറെ വർഷത്തെ വളർച്ചയ്ക്ക് വഴി തെളിക്കും. ഇത് മൂലം വലിയ ലാഭം ഉണ്ടാകും,' ഇങ്ങനെ പുസ്തകത്തിൽ എഴുതിയിരുന്നു.

ഈ ചിന്തയിൽ അദ്ദേഹം മുഴുകി. ആ ഫോർമുല അദ്ദേഹം തന്റെ മൂലമന്ത്രമായി മാറ്റി. പതിനൊന്നാം വയസ്സിൽ അദ്ദേഹം അധ്വാനിച്ചു തുടങ്ങിയതാണ്.മെല്ലെ പണം ലഭിച്ചു തുടങ്ങി. പുസ്തകങ്ങൾ അദ്ദേഹം വിറ്റഴിച്ചു. അതിരാവിലെ നാല് മണിക്ക് എഴുന്നേറ്റ് അദ്ദേഹം പത്രം വിതരണം നടത്തി തുടങ്ങി ഇങ്ങനെ ചെറിയ കച്ചവടങ്ങളിൽ നിന്നുള്ള സമ്പാദ്യമായ 38 ഡോളർ അദ്ദേഹം ആദ്യമായി ഓഹരി വിപണിയിൽ നിക്ഷേപിച്ചു.

തുടർന്ന് ഓഹരി വിപണിയിലെ ചാഞ്ചാട്ടങ്ങൾ അദ്ദേഹം മനസ്സിലാക്കി. മുപ്പതു വയസ്സിനുള്ളിൽ സമ്പന്നൻ ആകണമെന്ന ലക്ഷ്യം അദ്ദേഹത്തിന്റെ കഴിവും പരിശ്രമവും മൂലം സാധിച്ചു. തന്റെ ലക്ഷ്യം നിറവേറിയെങ്കിലും അദ്ദേഹം തന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുകയാണ് ചെയ്തത്. ലോകത്തെ ശതകോടീശ്വരന്മാരിൽ ഒരാളാണ് എന്നത് മാത്രമല്ല അദ്ദേഹത്തിന്റെ നേട്ടം. അദ്ദേഹം തന്നെപ്പോലെ ഒട്ടേറെ സമ്പന്നരെ സൃഷ്ടിച്ച് അവർക്ക് വഴികാട്ടിയായി. ലളിതമായ ജീവിത ശൈലി പിന്തുടരുന്ന അദ്ദേഹം സ്വത്തിന്റെ പകുതി ലോകത്തിൽ പല ഭാഗങ്ങളിൽ പലവിധത്തിലുള്ള സാമൂഹിക സേവനങ്ങൾക്കായി നീക്കി വച്ചു.

ഏതു സാഹചര്യത്തിലും പതറാതെ, ലാഭം വീണ്ടും മൂലധനമാക്കി മാറ്റിയ രീതി ഇപ്പോഴും അദ്ദേഹം തുടരുന്നു. നിരന്തരമായ വിജയത്തിന് വഴികൾ കണ്ടുപിടിച്ച് മഹാ വിജയിയായി അദ്ദേഹം ഈ 93-ആം വയസ്സിലും മറ്റുള്ളവർക്ക് മാതൃകയാണ്. പണത്തിൽ മുതൽ മുടക്കുന്നതിലും സമയം ചെലവഴിക്കുന്നതിലും ജാഗ്രത പുലർത്തുന്നവാണ് കൂടുതൽ വിജയികൾ ആകുന്നതെന്നതിന് അദ്ദേഹത്തിന്റെ ജീവിതം വലിയ ഉദാഹരണമാണ്.

എല്ലാവരെയും വിജയികളാക്കാൻ വഴികാട്ടുന്ന ഈ മാസത്തെ വെണ്മ പുതിയ കാഴ്ചകൾ നിങ്ങൾക്കെല്ലാം പുരോഗതിയും ഭാഗ്യവും നൽകട്ടെ

ഗുരു കൃപ

എല്ലാവർക്കും സമസ്ത ഐശ്വര്യങ്ങളും നേർന്നു കൊണ്ട്

കെ ആർ നാഗരാജൻ
സ്ഥാപകൻ
രാംരാജ് കോട്ടൺ

The Culturepreneur

കാത്തിരുന്ന് വിജയിക്കുക

ഒരു കുട്ടിയെ ഒരു മുറിയിൽ കൊണ്ടു വരും. അവിടെ ഒരു ഗവേഷകൻ സുഖദായകമായ ഒരു കസേരയിൽ കുട്ടിയെ ഇരുത്തും. കസേരയ്ക്കടുത്ത് ഒരുമേശയിൽനല്ലമധുരമുള്ള ഒരു ചോക്കലേറ്റ് വച്ചിരിക്കും. ആ ചോക്കലേറ്റ് കാട്ടി 'ഇത് നിനക്കാണ്' എന്ന് അയാൾ കുട്ടിയോട് പറയും. കുട്ടി ആശയോടെ അത് എടുക്കാൻ പോകും

അപ്പോൾകുട്ടിയെതടുത്ത് ഗവേഷകൻ ഒരു കാര്യം പറയും. 'ഞാൻ ഇപ്പോൾ പുറത്തു പോകുകയാണ്. പോയി തിരിച്ചു വരുന്നത് വരെ ഈ ചോക്കലേറ്റ് നീ കഴിക്കാതെ ഇരുന്നാൽ നിനക്ക് ഞാൻ വേറൊരു ചോക്കലേറ്റ് കൂടി തരാം. എന്നാൽ ഞാൻ വരുന്നതിനു മുമ്പ് ഈ ചോക്കലേറ്റ് കഴിച്ചാൽ വേറൊരു ചോക്കലേറ്റ് കിട്ടില്ല' എന്നു പറഞ്ഞ് അയാൾ പുറത്തു പോകും.

ഇപ്പോൾ ചോക്കലേറ്റ് കഴിക്കാം. ഗവേഷകൻ തിരികെ വരുന്നത് വരെ കാത്തിരുന്നാൽ രണ്ട് ചോക്കലേറ്റ് കഴിക്കാം. എന്നാൽ അയാൾ എപ്പോൾ തിരികെ വരുമെന്നു പറയാൻ പറ്റില്ല! ചില കുട്ടികൾ ഗവേഷകൻ മുറി വിട്ടതും ആ ചോക്കലേറ്റ്എടുത്തുകഴിച്ചു. ചില കുട്ടികൾ കസേരയിൽ അമർന്നിരുന്ന് കുറെ നേരം ചോക്കലേറ്റും വാതിലും മാറി നോക്കി. അധികം വൈകാതെ ഗവേഷകൻ തിരിച്ചു വന്നതിനാൽ അവർ ചോക്കലേറ്റ് കഴിച്ചു. ചില കുട്ടികൾ കസേരയിൽ നിന്ന് എഴുന്നേറ്റ് നടന്ന് ആശ അടക്കി ചോക്കലേറ്റ് നോക്കുക പോലും ചെയ്യാതെ ശാന്തമായി ഇരിക്കാൻ ശ്രമിച്ചു. എന്നാൽ കൊതി സഹിക്കാൻ വയ്യാതെ അവർ ഓടിപ്പോയി അത് എടുത്തു കഴിച്ചു. ചുരുക്കം ചില കുട്ടികൾ മാത്രമേ ആശയടക്കി ചോക്കലേറ്റ് കഴിക്കാതെ ഇരുന്ന് സമ്മാനം വാങ്ങിയുള്ളൂ.

യു എസിൽ സ്റ്റാൻഫോർഡ് സർവകലാശാലയിൽ 1972-ൽ നടന്ന ഈ ഗവേഷണം The Marshmallow Experiment എന്ന പേരിൽ പ്രശസ്തമായ ഗവേഷണമാണ്.

ചോക്കലേറ്റ് പരീക്ഷണം കൊണ്ടു മാത്രമല്ല ഇത് പ്രശസ്തമായത്. ഈ ഗവേഷണത്തിൽ പങ്കെടുത്ത കുട്ടികളെ 40 വർഷമായി അവർ പിന്തുടർന്നാണ് ഈ ഗവേഷണം പൂർത്തീകരിച്ചത്. അതിൽ നിന്ന് ലഭിച്ച ഫലങ്ങൾ ആശ്ചര്യം ജനിപ്പിക്കുന്നതാണ്.

ഗവേഷകൻ തിരികെ വരുന്നത് വരെ കാത്തിരുന്ന് ആരൊക്കെ രണ്ടാമത് ചോക്കലേറ്റ് വാങ്ങിയോ അവർ പരീക്ഷകളിൽ നല്ല മാർക്കുകൾ നേടി വളർന്നു. കൗമാര പ്രായത്തിൽ എത്തിയപ്പോഴും അവർ ആരും മയക്കു മരുന്നിനു അടിമായായില്ല.മാനസികസമ്മർദ്ദംവരുന്നകടുത്ത പ്രതിസന്ധികൾ അവർ വിജയകരമായി തരണം ചെയ്തു. സമൂഹത്തിൽ മറ്റുള്ളവരുമായി നന്നായി ഇടപഴകി. ജീവിതത്തിൽ എല്ലാത്തുറകളിലും അവർ വെന്നിക്കൊടി പാറിച്ചു.

ഒരു പ്രവൃത്തി ചെയ്താൽ കൂടുതൽ ഫലം കിട്ടും, അതിനായി കാത്തിരിക്കണം, പെട്ടെന്ന് ലഭിക്കുന്ന ചെറിയ സമ്മാനങ്ങൾക്കായി ആശയോടെ പിന്നാലെ പോകരുത് തുടങ്ങിയ ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ അവർ ജീവിതത്തിൽ വലിയ വിജയികളായി.

നല്ല ശീലങ്ങൾ ഒരാളെ വിജയിയാക്കി മാറ്റും. വിജയവും സന്തോഷവും നേടാൻ ഒരു കുറുക്കുവഴിയും ഇല്ല. മികവാണ് ഏക മാർഗം. വിജയം നേടാനുള്ള മാനസിക നില ഉള്ളവർക്ക് മാത്രമേ കഠിനമായ ശീലങ്ങൾ പാലിക്കാൻ കഴിയു. ജീവിതത്തിൽ പ്രധാന കാര്യമായി വിജയത്തെ കണ്ട് അതിനു വേണ്ടി ഓടാൻ അവർക്കേ കഴിയു. വിജയികളുടെ കൈവശമുള്ള ചില ഗുണഗണങ്ങൾ:

◆ വിജയികളായ വ്യക്തികൾ തങ്ങളുടെ വിജയത്തെ ഭാവനയിൽ കാണും. തങ്ങളുടെ ആഗ്രഹം ലക്ഷ്യമാക്കി മാറ്റി, അത് നേടുന്നതിനു ഒരു സമയ പരിധി വച്ച് കഠിനമായി അധ്വാനിക്കും. ആ വിജയം സാധിതമാകുമ്പോൾ തങ്ങൾക്കു ലഭിക്കുന്ന നേട്ടങ്ങളും അതു മൂലം ഉണ്ടാകുന്ന സന്തോഷങ്ങളും അവർ ഭാവന ചെയ്തു നോക്കും. ആഭാവനഅവരുടെമോഹങ്ങളെഉജ്ജ്വലിപ്പിക്കും.

◆ വിജയികൾ തങ്ങൾ ഉപയോഗിക്കുന്ന വാക്കുകളിൽ ജാഗ്രത പുലർത്തും. നെഗറ്റീവ് ആയ വാക്കുകൾ ഒരിക്കലും അവരുടെ ചുണ്ടുകളിൽ നിന്നും വരില്ല. തങ്ങളുടെ വാക്കുകൾ അനുസരിച്ചാണ് ഈ ലോകം തങ്ങളെ മതിക്കുന്നത് എന്ന് അവർക്കറിയാം. അതിനാൽ മധുരതരമായ പോസിറ്റീവ് ആയ കാര്യങ്ങൾ മാത്രമേ അവർ പറയു.

◆ വിജയികൾ ഒരിക്കലും സമയം നഷ്ടപ്പെടുത്തില്ല. അവരുടെ കൈവശം എന്തെങ്കിലും ജോലികൾ എപ്പോഴും ഉണ്ടാകും. ഓരോ ദിവസവും എന്ത് ചെയ്യണം എന്ന് അവർ പ്ലാൻ ചെയ്തിരിക്കും.

◆ വിജയികൾക്ക് എപ്പോഴും വ്യക്തമായ ഒരു ലക്ഷ്യം ഉണ്ടാകും. അത് ചെറിയ ഭാഗങ്ങളായി പിരിച്ച് അത് നേടുന്നതിനു വേണ്ടി മാർഗങ്ങൾ കണ്ടെത്തി പ്രവർത്തിക്കും. അന്തിമമായ വിജയം കൈവരിച്ച ശേഷം വിജയം മതി എന്ന് അവർ കരുതില്ല. ചെറിയ ചെറിയ വിജയങ്ങളും അവർ ആഘോഷിക്കും. ആ ആഘോഷം തങ്ങളുടെ ലക്ഷ്യത്തിലേക്കുള്ള യാത്ര ഊർജിതമാക്കും എന്നവർക്കറിയാം.

◆ മറ്റുള്ളവരെ പറ്റി അറിയുന്നതിനു മുമ്പേ അവർക്ക് തങ്ങളെ പറ്റി അറിയാം. തങ്ങളുടെ ബലവും ബലഹീനതയും അവർക്കറിയാം. ബലഹീനതകൾ ഒഴിവാക്കാനും തങ്ങളുടെ കരുത്ത് പരമാവധി പ്രയോജനപ്പെടുത്താനും അവർ ശ്രമിക്കും.

◆ ഒരു കുസലും കൂടാതെ, തങ്ങളുടെ പാതയിൽ യാതൊരു തടസ്സവും നേരിടാതെ തങ്ങളുടെ ലക്ഷ്യത്തിലേക്ക് അവർ മുന്നോട്ട് പോകും.

◆ ഈ ജോലികൾ ചെയ്താൽ ഇതായിരിക്കും ഫലം എന്നും ഇത് നമുക്ക് എന്ത് തരും എന്ന് ശരിയായി മനസ്സിലാക്കിയായിരിക്കും അവർ എന്തും ചെയ്യുക. ഓരോ ദിവസവും ഇത് അവരുടെ മനസ്സിൽ ഉണ്ടാകും.

◆ തങ്ങളുടെ പ്രവർത്തിയിൽ ഉണ്ടാകുന്ന ഓരോ പ്രതിസന്ധിയും, തങ്ങൾ ഏർപ്പെടുന്ന കാര്യങ്ങളിൽ ഉണ്ടാകുന്ന തിരിച്ചടിയും വളർച്ചയ്ക്കുള്ള ഒരു അവസരമായി അവർ അത് കാണും. ഓരോ പ്രശ്നങ്ങൾ വരുമ്പോഴും തങ്ങളുടെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് അത് അവർ നേരിട്ട് വിജയിക്കും

◆ തങ്ങളുടെ മികവുകളെപ്പറ്റി അവർ സ്വയം പുകഴ്ത്തി ആഘോഷിക്കില്ല. തങ്ങളുടെ പ്രവർത്തനത്തെ പറ്റി സ്വയം പെരുമ പറയില്ല. ആത്മവിശ്വാസം പ്രകടിപ്പിക്കുന്ന അവർ എളിമയോടെ പെരുമാറും. ഏതു സാഹചര്യത്തിലും അവർ വിനയം കൈവിടില്ല. ●

ഉറക്കം ഉപേക്ഷിക്കണോ?

ഉറക്കമൊഴിഞ്ഞ് അധ്വാനിച്ചാൽ മാത്രമേ വിജയിക്കാനാവൂ. പലരും ആവർത്തിക്കുന്ന ഉപദേശമാണ് ഇത്. ഉറക്കം കുറച്ച്, വിനോദങ്ങൾ ഒഴിവാക്കി വിജയിക്കാനാകുമോ? 'അങ്ങനെ എല്ലാം വേണ്ടെന്നു വച്ചാൽ തളർന്നു പോകും. ചുറുചുറുക്കായി പ്രവർത്തിക്കാൻ ശക്തി ഉണ്ടാകില്ല. അടിക്കടി മുർച്ചപ്പെടുത്താത്ത മഴു കൊണ്ട് മരം വെട്ടുന്നതു പോലെയാകും കാര്യങ്ങൾ' എന്ന് ചിലർ. ആമസോൺ മേധാവി ജെഫ് ബെസോസിനെ പോലെയുള്ളവർ ദിവസം എട്ടു മുതൽ ഒമ്പതു മണിക്കൂർ ഉറങ്ങുന്നു. രാത്രിയിൽ നന്നായി വിശ്രമിക്കുന്നത് മൂലം പകൽ നല്ല ഉത്സാഹത്തോടെ പ്രവർത്തിക്കാൻ കഴിയും എന്നവർ പറയുന്നു.

എഡിസൻ, നിക്കോളോ ടെസ്ല, ജാക്ക് ഡോർസി പോലെയുള്ളവർ നാല് മണി മുതൽ ആറു മണിക്കൂറേ ഉറങ്ങാറുള്ളൂ. 'കുറച്ചു നേരം മാത്രം ഉറങ്ങുന്നത് മൂലം ജോലി ചെയ്യാൻ ധാരാളം സമയം ലഭിക്കുന്നു' എന്നവർ പറയുന്നു.

ആരാണ് ശരി എന്ന് ചർച്ച ചെയ്യുന്നതിൽ അർത്ഥമില്ല. ഓരോരുത്തരും ഓരോ വിധമായിരിക്കും. ചിലർക്ക് എട്ടു മണിക്കൂർ ഉറക്കം വേണം. ഓരോരുത്തരും തങ്ങളുടെ പ്രകൃതം അറിഞ്ഞു വിശ്രമിച്ചാൽ വിജയികളാകാം.

തോറ്റവരെയും പിന്തുടരണം

'വിജയികളുടെ പാതകൾ മാത്രമായി പിന്തുടരരുത്. തോറ്റവരുടെ കഥകളും കേൾക്കണം' എന്ന് പറയുന്നു ചൈനയിൽ വലിയ വ്യവസായിയായ ജാക്ക് മാ. വിജയികൾ എങ്ങനെ വിജയിക്കുന്നു എന്ന് അവരുടെ വിജയം പറയും. അതേ പോലെ ചിലർ എന്തു കൊണ്ട് പരാജയപ്പെട്ടു എന്നറിഞ്ഞും നമുക്ക് പഠിക്കാം. അവരുടെ തെറ്റുകൾ അറിഞ്ഞ്, അത് ആവർത്തിക്കാതിരിക്കാം. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എന്ത് ചെയ്യണമെന്ന പാഠവും തോറ്റവരുടെ ചരിത്രത്തിൽ നിന്ന് ലഭിക്കും,' ജാക്ക് മാ പറയുന്നു.

നഷ്ടപ്പെടലും നന്മയ്ക്കാണ് !

ഒരു ഹിമക്കാട്ടിൽ ഇലപൊഴിയും കാലത്തിന്റെ ആരംഭം. വെയിലിന്റെ ചൂട് താങ്ങാനാവാതെ ഒരു അത്തി മരം ഇല പൊഴിച്ചു നിൽക്കുന്നു. അതിനടുത്തു നിന്ന ഒലിവു മരത്തിൽ

വിജയത്തിന്റെ 5 അടയാളങ്ങൾ

- നിങ്ങൾ എന്തു ചെയ്താലും നിങ്ങളുടെ പ്രഥമ ലക്ഷ്യം പണത്തിനു പിന്നാലെ ഓടുക എന്നതാകരുത്. നിങ്ങളുടെ പ്രവൃത്തി മൂലം ബഹുമാന്യമായ ഒരു ഇടം സൃഷ്ടിക്കുക. നിങ്ങളെ തേടി പണം എത്തും.
- കഠിനാധ്വാനമാണ് വിജയത്തിന്റെ ആധാരം. അവസരങ്ങൾ വരുമ്പോൾ അത് ഉപയോഗപ്പെടുത്താൻ തയാറാകണം. ചില അവസരങ്ങളിലേ ഭാഗ്യം നിങ്ങളെ കടാക്ഷിക്കൂ. എന്നാലും തളരാതെ അധ്വാനം തുടരണം.
- സുഹൃത്തുക്കൾ, ബന്ധുക്കൾ, ജോലി സംബന്ധമായി പരിചയപ്പെട്ടവർ തുടങ്ങി എല്ലാവരുമായി നല്ല ബന്ധം പുലർത്തണം. ഈ ബന്ധങ്ങൾ നിങ്ങളെ ഉന്നതിയിൽ എത്തിക്കും.
- സാധ്യമല്ലാത്ത ഒരു കാര്യം ചെയ്യാമെന്ന് ഒരിക്കലും ഉറപ്പു കൊടുക്കരുത്. ചെയ്യാമെന്ന് ഏറ്റ കാര്യം തൃപ്തിയില്ലാതെ ചെയ്യരുത്.
- ശരാശരിയായ ഒരു വ്യക്തിക്ക് അങ്ങനെ യാകാനേ കഴിയൂ. കഴിവും മിടുക്കും ഉള്ളവരേ മികവ് തേടുന്നവരുടെ ശ്രദ്ധക്ക് പാത്രമാകൂ. എപ്പോഴും മേന്മയോടെ പ്രവർത്തിക്കുക.

വിജയത്തിന് മൂന്ന് ആധാരങ്ങൾ

എപ്പോഴും സന്തോഷത്തോടെ സംസാരിക്കുക: പോസിറ്റീവ് ആയി സംസാരിക്കുന്നവരുമായി ഏറെ നേരം ചെലവഴിക്കുക. ഓരോ ദിവസവും നിങ്ങൾക്ക് ലഭിക്കുന്ന നല്ല കാര്യങ്ങൾക്ക് നന്ദി പറഞ്ഞ് പരിശീലിക്കുക. ചെറിയ ചെറിയ തമാശകൾ കേട്ടാൽ പോലും ആസ്വദിച്ചു ചിരിക്കാൻ പഠിക്കണം. ആ സന്തോഷം മൂലം ചുരത്തുന്ന ഹോർമോണുകൾ നിങ്ങളുടെ ഉത്സാഹം വർധിപ്പിക്കും. നിങ്ങളുടെ ശരീരം കാക്കാൻ വ്യായാമത്തിനും മനസ്സ് ശക്തമാകാൻ പഠനത്തിനും ഒരു ദിവസം ഒരു മണിക്കൂർ എങ്കിലും ചെലവിടണം.

മാനസിക സമ്മർദ്ദം ഒഴിവാക്കണം: മാനസിക സമ്മർദ്ദം വർധിപ്പിക്കുന്ന വാഗ്വാദം, ചർച്ചകൾ എന്നിവയിൽ നിന്ന് ഒഴിവാകണം. സ്വാഭാവികമായ സാഹചര്യങ്ങളിൽ കഴിയുന്നത്, പാട്ട് കേൾക്കുന്നത് തുടങ്ങിയവ മനസ്സു സ്വസ്ഥമാക്കും.

എപ്പോഴും ആത്മവിശ്വാസം വേണം: നിങ്ങളെ പറ്റി നിങ്ങൾ അഭിമാനത്തോടെ കാണുന്ന മൂന്നു കാര്യങ്ങൾ ഓർമ്മിച്ചു നോക്കുക. നിവർന്ന നിൽപ്പും നടപ്പും പോസിറ്റീവ് ആയ വീക്ഷണവും നിങ്ങളുടെ ആത്മവിശ്വാസം വെളിപ്പെടുത്തും. നിങ്ങളെ മുറിവേൽപിക്കുന്ന അവസരങ്ങളിലും സമനില വിടാതെ സംസാരിക്കണം.

നിന്ന് ഇല പൊഴിഞ്ഞില്ല. അത് ഇലകളുമായി പച്ചയായി നിന്നു. ഒലിവു മരം അത്തി മരത്തെ നോക്കി പരിഹസിച്ചു, 'ഇങ്ങനെ ഓരോ വർഷവും ഇലകൊഴിഞ്ഞു നിൽക്കുന്ന കഷ്ടകാലമാണല്ലോ നിനക്ക്. കണ്ടാൽ ജീവനറ്റ മരം പോലെയുണ്ട്. നിന്നെ കണ്ടിട്ടു വിഷമം തോന്നുന്നു. എന്നെ നോക്കൂ, വർഷം മുഴുവൻ ഞാൻ പച്ചയായി ഇലകളുമായി നിൽക്കുന്നു.'

'ഇങ്ങനെ ഇലകൾ ഇല്ലാതെ നിൽക്കുന്നതിനു എന്തെങ്കിലും കാരണം ഉണ്ടാകും. അതൊന്നും എന്റെകൈവശമല്ല. അതിനാൽ ഞാൻ ഇതോർത്ത് വിഷമിക്കാൻ പോകുന്നില്ല' എന്ന് അത്തി മരം ഒലിവ് മരത്തിന് മറുപടി പറഞ്ഞു.

കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ശിശിരം വന്നു. ആ വർഷം വലിയ തോതിലാണ് മഞ്ഞു പെയ്തത്. ഒലിവ് മരത്തിന്റെ എല്ലാ ഇലകളിലും മഞ്ഞു വീണു. അതിന്റെ ഭാരം താങ്ങാനാവാതെ മരം ഒടിഞ്ഞു വീണു. ഇലകൾ ഇല്ലാത്ത അത്തി മരത്തെ അത് ബാധിച്ചില്ല. 'ചിലപ്പോൾ നമ്മുടെ നിയന്ത്രണത്തിൽ ഇല്ലാത്ത കാര്യങ്ങൾ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ നമുക്ക് ഗുണകരമായി മാറും' എന്ന പാഠം അത്തി മരം പഠിച്ചു. •

ഒറ്റയ്ക്ക് ഒരു മനുഷ്യൻ നേടുന്നതല്ല വിജയം! നിങ്ങൾ ജോലി ചെയ്യുന്നത് ഒരു സ്ഥാപനത്തിൽ ആണെങ്കിലും ചെയ്യുന്നത് വ്യാപാരം ആണെങ്കിലും ഇടപഴകുന്നത് വ്യവസായം ആണെങ്കിലും നിങ്ങളുടെ ഉള്ളിലുള്ള വിജയത്തോടുള്ള അഭിനിവേശം അവിടെയുള്ള എല്ലാവരിലും നൽകിയാൽ മാത്രമേ വിജയം സാധ്യമാകൂ. അതിനുള്ള ചില വഴികൾ:

● ഒരു ടീം ആയി ചെയ്യുമ്പോൾ ഒത്തൊരുമയുടെ ബലം നമുക്ക് ലഭിക്കും എന്ന് എല്ലാവരും അറിയണം. ഇല്ലെങ്കിൽ എല്ലാവരും ഓരോ വിധത്തിൽ കാര്യങ്ങൾ സങ്കൽപിക്കും. ചിലർ 'ഈ ജോലിയിൽ ഒരു ഭാവിയും ഇല്ല' എന്ന് ഭയന്ന് ജോലി വിടാൻ ശ്രമിക്കാം. മറ്റു ചിലർ ആകട്ടെ, 'നാം ധാരാളം ലാഭം സമ്പാദിച്ചു കൊടുക്കുന്നു. എന്നാൽ നമുക്ക് ഒരു ഗുണവുമില്ല' എന്ന് നിരാശപ്പെടും.

● ചെന്നായ്ക്കൾ കാട്ടിൽ കൂട്ടമായാണ് ചെല്ലുന്നത്. അവരുടെ സുരക്ഷാസംവിധാനം അതിശയകരമാണ്. സംഘത്തിൽ പ്രായം ചെന്ന, രോഗബാധിതരായ ചെന്നായ്ക്കൾ ആദ്യം ഇറങ്ങും. അവരുടെ വേഗത്തിന് അനുസരിച്ചാണ് മറ്റു ചെന്നായ്ക്കൾ ഓടുക. അവർക്ക് പിന്നാലെ നല്ല വലിപ്പമുള്ള അഞ്ചാറു ചെന്നായ്ക്കൾ ഉണ്ടാകും. സംഘത്തിന്റെ മുൻഭാഗത്തെ സുരക്ഷ ഇവരാണ് നോക്കുന്നത്. കുട്ടികളും പെൺ ചെന്നായ്ക്കളും മധ്യഭാഗത്ത് നിലയുറപ്പിക്കും. അവസാനം ചെന്നായ് കൂട്ടത്തിന്റെ തലവനാണ്. ഒരു ചെന്നായയും കൂട്ടത്തിൽ നിന്ന് വഴിതെറ്റി പോകാതിരിക്കാൻ തലവൻ ശ്രദ്ധിക്കും. എല്ലാ ദിശകളിലേക്കും ഓടി കൂട്ടത്തിനു ആവേശം പകരും. തലവൻ എപ്പോഴും മുന്നിൽ നിന്ന് എല്ലാവരെയും നയിക്കണം എന്നില്ല. ആവശ്യമെങ്കിൽ പിന്നിൽ നിന്ന് ശ്രദ്ധ ചെലുത്തിയാൽ മതി എന്ന് ചെന്നായ്ക്കൂട്ടം തെളിയിക്കുന്നു. ഈ ചെന്നായ്ക്കൂട്ടം പോലെ ഒരു ജോലിയിൽ ഓരോരുത്തരുടെയും കഴിവിനും അധ്വാനത്തിനും അനുസൃതമായി ജോലി കൊടുത്താൽ മതി.

● മേധാവിയായി ചുമതല ഏൽക്കുന്നവർ ചില അവസരങ്ങളിൽ മുൻനിരയിൽ നിൽക്കേണ്ടി വരും. ഇതിന് അബ്ദുൽ കലാം ഒരു ഉദാഹരണം ചൂണ്ടിക്കാട്ടുന്നു. ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിൽ യുവശാസ്ത്രജ്ഞൻ ആയിരുന്നപ്പോൾ ആ സ്ഥാപനത്തിന്റെ മേധാവി സതീഷ് ധവാൻ ആയിരുന്നു. കലാമിനേക്കാൾ സീനിയർ ശാസ്ത്രജ്ഞർ ഉണ്ടെങ്കിലും റോക്കറ്റ് നിർമ്മാണത്തിന്റെ ചുമതല കലാമിനെയാണ് ധവാൻ ഏൽപ്പിച്ചത്. അദ്ദേഹത്തിന് കലാമിൽ അത്ര വിശ്വാസം ഉണ്ട്. എന്നാൽ ആദ്യ പരീക്ഷണത്തിൽ റോക്കറ്റ് ആകാശത്തേക്ക് കുതിക്കാതെ കടലിൽ വീണു. ആ പരാജയം കലാമിനെ സ്തബ്ധനാക്കി. അപ്പോൾ നടന്ന പത്ര സമ്മേളനത്തിൽ കലാമിനെ മുന്നോട്ടു കൊണ്ടു വരാതെ ധവാൻ മുന്നിൽ വന്നു നിന്നു. 'പരാജയത്തിന് ഞങ്ങൾ എല്ലാവരും ഉത്തരവാദിത്തം ഏൽക്കുന്നു. അടുത്ത തവണ ഞങ്ങൾ വിജയിക്കും' എന്ന് അദ്ദേഹം പറഞ്ഞു.

● കുറച്ചു മാസങ്ങൾക്കുള്ളിൽ കലാമും കൂട്ടരും രണ്ടാമത്തെ റോക്കറ്റ് പറത്തി വിജയം ഘോഷിച്ചു. അതിനു ശേഷം നടന്ന

വിജയത്തിന് വഴികാട്ടുക

പത്ര സമ്മേളനത്തിൽ ധവാൻ പിന്നിൽ നിന്ന് കലാമിനെ മുന്നിൽ നിർത്തി വിജയത്തെ പറ്റി സംസാരിക്കാൻ ആവശ്യപ്പെട്ടു. വിജയത്തിലും പരാജയത്തിലും മേധാവികൾ എങ്ങനെ നടന്നു കൊള്ളണം എന്നതിന്റെ ഉദാഹരണമായിരുന്നു ഇത്.

- 'ഞാൻ പറയുന്നത് നീ കേട്ടാൽ മതി, ചോദ്യങ്ങൾ വേണ്ട' എന്ന് ടീമിനോട് പറയുന്നത് ഒരു ജോലിയും നന്നായി ചെയ്യാൻ സഹായിക്കില്ല. മരുന്ന് നിർമ്മാണ കമ്പനിയിൽ ഗുളികകൾ നിർമ്മിക്കുന്ന ജോലി ചെയ്യുകയാണ് ഒരാൾ. ദിവസവും ആയിരം ഗുളികകൾ തരം തിരിച്ച് മെഷീൻ വഴി പായ്ക്ക് ചെയ് താൽ മതി എന്ന് പറഞ്ഞാൽ അയാൾ അത് യന്ത്രം പോലെ ചെയ്യും. 'ലോകം മുഴുവനുമുള്ള പനി ബാധിതരായ രോഗികളെ സഹായിക്കുന്ന ഗുളികയാണ് നാം തയാറാക്കുന്നത്. ഓരോ ഗുളികയും മേന്മയുള്ളതാണെങ്കിൽ മാത്രമേ അത് കഴിക്കുന്നവർ രോഗമോചിതർ ആകൂ' എന്ന് പറഞ്ഞാൽ അയാളുടെ ജോലിയിൽ ഉള്ള ശുഷ്കാന്തിയിൽ മാറ്റമുണ്ടാകും. ഒരാൾ ചെയ്യുന്ന ജോലി എത്തരമാണ്, അത് കൊണ്ട് എന്ത് ഗുണമാണ് ഉണ്ടാകുന്നതെന്ന് വിശദമായി ഓരോരുത്തരോടും പറയണം.

- ഒത്തൊരുമയോടെ ഒരു ജോലി നന്നായി ചെയ്യണമെങ്കിൽ ആ സ്ഥാപനത്തിലുള്ള എല്ലാവർക്കും പരസ്പര വിശ്വാസം ഉണ്ടാകണം. ഓരോരുത്തർക്കും തങ്ങൾ ചെയ്യുന്ന ജോലിയിൽ മികവ് ഉണ്ടെന്ന് ഉറപ്പാക്കണം. എങ്കിൽ ആ ടീമിന്റെ വിജയം ആർക്കും തടുക്കാൻ കഴിയില്ല.

- കാലിൽ അണിയുന്ന, വീട്ടിനു പുറത്തു വയ്ക്കുന്ന വസ്തുവാണെന്നു പറഞ്ഞ് പാദരക്ഷകളുടെ മേന്മ അവഗണിക്കാനാകില്ല. അത് ഗുണമേന്മ ഇല്ലാത്തതാണെങ്കിൽ കാലിൽ മുറിവ് ഉണ്ടാകും. സൗകര്യപ്രദമല്ലെങ്കിൽ കാലിൽ അണിയാൻ കഴിയില്ല. ഏതു വസ്തു നിർമ്മിച്ചാലും അത് ഗുണ മേന്മയോടെ നിർമ്മിക്കണം. അത് മികവോടെ ചെയ്യുമ്പോൾ ഇനിയും അത് നന്നാക്കാൻ കഴിയുമെന്ന് പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കണം. അവർ ഗുണമേന്മയില്ലാതെയാണ് എന്തെങ്കിലും വസ്തു നിർമ്മിച്ചിരിക്കുന്നത് എങ്കിൽ അത് വിശദമായി തുറന്നു പറഞ്ഞു അവരെ പ്രചോദിതരാക്കണം.

- വളരെ പ്രധാനപ്പെട്ട വസ്തുക്കൾ ചെയ്യുന്നവരെമാത്രമായി പ്രശംസിക്കണം എന്നില്ല. ഓരോരുത്തരും ചെയ്യുന്ന ചെറിയ കാര്യങ്ങൾ പോലും ആഘോഷ യോഗ്യമാണ്. എപ്പോഴും പ്രശംസാ വചനങ്ങൾ കേൾക്കുന്നവർ ഇനിയും അത് തുടർന്നും കേൾക്കണം എന്ന് ചിന്തിച്ച് കൂടുതൽ ഉത്സാഹത്തോടെ ജോലി ചെയ്യും. •

വിജയത്തിനായുള്ള സുവർണ വഴികൾ

ജാക്കി ചാന്റെ പേര് അറിയാത്ത ഒരു സിനിമാ പ്രേമിയും ലോകത്ത് ഉണ്ടാകില്ല. ഇംഗ്ലീഷ് ചിത്രങ്ങൾ എന്നാൽ ഹോളിവുഡ്ചിത്രമാണെന്ന ധാരണ തിരുത്തിയെഴുതിയ വ്യക്തിയാണ് ജാക്കി ചാൻ. ഏഷ്യയിൽ നിന്ന് പോയി ലോകമാകെ വിജയം നേടിയ നടൻ. എങ്ങനെയാണ് അദ്ദേഹത്തിന് ഇത് സാധ്യമാകുന്നത്?

ജാക്കി ചാൻ അഭിനയിച്ചു തുടങ്ങിയ കാലത്ത് ഹോങ്കോങ്ങിൽ നിന്നുള്ള ചിത്രങ്ങൾക്ക് അത്ര വലിയ വിപണി ഉണ്ടായിരുന്നില്ല. യു എസിൽ ഉള്ള പോലെ ആധുനിക സാങ്കേതിക വിദ്യാപരിജ്ഞാനം ഉള്ള വിദഗ്ധർ അവിടെ ഉണ്ടായിരുന്നില്ല. അതേ പോലെ നല്ല സിനിമകൾ നിർമ്മിക്കുന്ന മികച്ച സംവിധായകരും ഇല്ല.

'കലാമേന്മയില്ലാത്ത സംവിധാനം കൊണ്ട് നാം എങ്ങനെ ഹോളിവുഡിൽ സ്ഥാനം പിടിച്ചെടുക്കും എന്ന് ജാക്കി ചാൻ ചിന്തിച്ചു. 'ഹോളിവുഡ് സിനിമയിൽ ഇല്ലാത്ത എന്ത് കൊടുത്താൽ പ്രേക്ഷകരെ തൃപ്തിപ്പെടുത്താം' എന്നായി ആലോചന. ജാക്കി ചാന് മുമ്പ് ഹോളിവുഡ് കീഴടക്കിയ ഒരേ ഒരു നടൻ ബ്രൂസ് ലി ആയിരുന്നു. ചൈനക്കാരുടെ പാരമ്പര്യ ആയോധന കലയായ കുങ്ഫു ആയിരുന്നു ബ്രൂസ് ലീയുടെ ശക്തി.

എന്നാൽ ബ്രൂസ് ലീയുടെ സിനിമകളിലെ സംഘട്ടന രംഗങ്ങൾ പതിവ് ശൈലിയിൽ ഉള്ളതായിരുന്നു. ഒറ്റയ്ക്ക് നിൽക്കുന്ന അദ്ദേഹത്തിനു ചുറ്റും വില്ലന്മാർ അണിനിരക്കും. ഓരോരുത്തരും വന്ന് അദ്ദേഹത്തിന്റെ അടി വാങ്ങി പോകും. എല്ലാ സിനിമയിലും രംഗങ്ങൾ സമാനമായവ ആയിരുന്നു.

എന്നാൽ തന്റെ സിനിമകളിൽ യഥാർത്ഥ ജീവിതത്തിൽ എന്ന പോലെ അതേ വേഗത്തിൽ സ്റ്റണ്ട് ചെയ്യാൻ ജാക്കി ചാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ സിനിമകളിലെ സ്റ്റണ്ടുകൾ ഇത് വരെയുള്ള സംഘട്ടന രംഗങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു. കൂട്ടത്തോടെ വരുന്ന വില്ലന്മാരെ ഓടിക്കൊണ്ട് ആഞ്ഞടിക്കും. കുങ് ഫു സ്റ്റൈലിൽ പ്രതിയോഗികളെ ആക്രമിക്കും.

ഇത് മാത്രമല്ല, വളരെ ആപൽക്കരമായ സാഹസിക രംഗങ്ങളിലും അദ്ദേഹം അഭിനയിക്കും. കെട്ടിടങ്ങളുടെ മുകളിൽ നിന്ന് മറ്റൊരു കെട്ടിടത്തിന്റെ മുകളിലേക്ക് എതിരാളികളെ നേരിട്ടു കൊണ്ട് കുതിക്കും. യാതൊരു സുരക്ഷാ സംവിധാനവും ഇല്ലാതെയാണ് അദ്ദേഹം ഈ സംഘട്ടനങ്ങൾ നടത്തിയത്. അത് അദ്ദേഹത്തെ ധീരനായ ആക്ഷൻ താരമായി ലോകമെങ്ങും അറിയപ്പെടാൻ ഇടയാക്കി. 'പോലീസ് സ്റ്റോറി' എന്ന ചിത്രത്തിൽ ഒരു മല മുകളിൽ നിന്ന് അദ്ദേഹം ഹെലികോപ്റ്ററിൽ ചാടിക്കയറും. Who am I എന്ന ചിത്രത്തിൽ ഒട്ടേറെ നിലകളുള്ള കെട്ടിടത്തിൽ നിന്ന് അദ്ദേഹം താഴോട്ടു കുതിക്കും. സിനിമ സംഘട്ടന രംഗങ്ങളിൽ ഇതൊരു ഗിന്നസ് റെക്കോർഡ് ആണ്.

കുട്ടികൾ മാത്രമല്ല, മുതിർന്നവരും ജാക്കി ചാൻ ആരാധകരാണ്. ഹോളിവുഡ് ചിത്രങ്ങളിൽ ആക്ഷൻ സീനുകൾ വേഗതയിൽ കാട്ടാൻ ക്യാമറ ട്രിക് ഉപയോഗിക്കും. പക്ഷേ ജാക്കി ചാൻ അതിവേഗതയിൽ തന്റെ സ്റ്റണ്ട് സീനുകൾ കാട്ടി. അങ്ങനെ ചെയ്യാൻ ഹോളിവുഡ് സിനിമകൾക്ക് കഴിഞ്ഞില്ല. തന്റെ 47-ആം വയസ്സ് വരെ അദ്ദേഹം

ആരെയും തന്റെ ഡ്യൂപ് ആകാൻ അനുവദിച്ചില്ല. സംഘട്ടനരംഗങ്ങളിൽ അഭിനയിച്ച് അദ്ദേഹത്തിന്റെ എല്ലാ എല്ലുകളും പൊട്ടി സർജറി ചെയ്യേണ്ടി വന്നുവെന്നാണ് പറയപ്പെടുന്നത്.

'എങ്ങനെയാണ് ഈ സംഘട്ടന രംഗങ്ങൾ ചിത്രീകരിച്ചത്' എന്ന് ഹോളിവുഡ് സംവിധായകൻ സ്റ്റീവൻ സ്പീൽബർഗ് അദ്ദേഹത്തോട് ചോദിച്ചു. 'ഓടും ചാടും സ്റ്റണ്ട് നടത്തും' ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഹോളിവുഡ് താരങ്ങൾ അദ്ദേഹത്തെ തേടിവന്നു അദ്ദേഹത്തോടോപ്പം.അഭിനയിച്ചു. യു എസിൽ അദ്ദേഹത്തിന് ഓസ്കാർ അവാർഡ് നൽകുന്ന വിധം അദ്ദേഹത്തിന്റെ പ്രശസ്തി വർധിച്ചു.

ഇതേ ചൈനയിൽ നിന്നുള്ള വ്യക്തിയാണ് താവോ സു കാങ്. 2500 വർഷം മുമ്പ് ജീവിച്ചിരുന്ന അദ്ദേഹം മന്ത്രിയായും സൈനിക കമാൻഡർ ആയും പ്രവർത്തിച്ച വ്യക്തിയാണ്. മൂന്നു തവണ നാട്ടിലെഏറ്റവുംവലിയസമ്പന്നൻആയിഉയർന്നു. ഓരോ തവണയും താൻ സമ്പാദിച്ചതെല്ലാം ദാനം ചെയ്തു. തൊഴിലിലും വ്യാപാരത്തിലും വിജയിക്കാനുള്ള സുവർണ നിയമങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ ചിലത്:

- മനുഷ്യർ ഓരോരുത്തരുടെയും ഗുണങ്ങൾ അറിയണം. അനുഭവത്തിൽ നിന്ന് ഇതിനുള്ള പാഠങ്ങൾ ലഭിക്കും.
- ഇവർ മൂലം ലാഭം കിട്ടും, ഇവരെ ക്കൊണ്ട് ഒരു പ്രയോജനവും ഉണ്ടാകില്ല എന്നെല്ലാം മുൻവിധികൾ അരുത്. മനുഷ്യരെ തുല്യരായി കാണുക.
- ജീവിതത്തിലും തൊഴിലിലും ഒരേ വിധം ശ്രദ്ധ വേണം. ഒന്നൊഴിവാക്കി മറ്റൊന്ന് നേടാൻ കഴിയില്ല.
- ജീവിതത്തിൽ എല്ലാ വിഷയങ്ങളിലും ചിട്ട വേണം. അനുയോജ്യമല്ലാത്ത സ്വഭാവം പ്രകടിപ്പിക്കുന്നവർക്ക് മതിപ്പ് ഉണ്ടാകില്ല
- ഓരോ സാഹചര്യത്തിനും അനുസരിച്ച് മാറാൻ തയാറാകണം.
- കടങ്ങളിൽ നിയന്ത്രണം വേണം. കിട്ടാനുള്ള പണം വാങ്ങാൻ മിടുക്ക് വേണം.

- ഏത് ജോലി ആര് മികവോടെ ചെയ്യും എന്ന് കണ്ടറിഞ്ഞ് അവർക്ക് നൽകണം. ഓരോരുത്തരിൽ നിന്നും ഏറ്റവും മികച്ച അധ്വാനം നേടണം.
- നിങ്ങൾ നൽകുന്ന വസ്തുക്കളുടെ മതിപ്പ് ഉപഭോക്താക്കളെ നിങ്ങളാണ് ബോധ്യപ്പെടുത്തേണ്ടത്. മതിപ്പ് മനസ്സിലാക്കിയ ഉപഭോക്താക്കളേ നിരന്തരമായുണ്ടാകൂ.
- മേന്മയുള്ള വസ്തുക്കൾ വാങ്ങുന്നതിൽ കഴിവ് നേടണം. ഏത് സമയത്ത് എന്ത് വാങ്ങണം എന്നതിൽ വ്യക്തത ഉണ്ടായിരിക്കണം.
- ഏത് ഇടത്തിൽ ചില വസ്തുക്കൾ നന്നായി വിൽക്കും, ഏതു സീസണിൽ എന്ത് വിറ്റാൽ ലാഭം കിട്ടും എന്നെല്ലാം അനുഭവം മൂലം നൈപുണ്യം നേടണം.
- മേന്മയുള്ള കച്ചവടത്തിന് അതനുസരിച്ച് നിയമങ്ങൾ അനുസരിക്കണം. അത് എല്ലാവരുമായും നല്ല ബന്ധം സൃഷ്ടിക്കാൻ സഹായിക്കും.
- പിശുക്ക് വേണ്ട, മനുഷ്യത്വം ഇല്ലാത്ത ജോലിക്ക് മതിപ്പ് ഉണ്ടാകില്ല. പൊങ്ങച്ചത്തിനായി ആഡംബര ചെലവ് വേണ്ട.
- വ്യവസായത്തിലും വ്യാപാരത്തിലും സത്യസന്ധതയും ആർജവവുമാണ് പ്രധാനം. ഇത് മറന്നാൽ അത് നിങ്ങളുടെ വ്യാപാര വ്യവസായങ്ങളെ ബാധിക്കും
- കടം കിട്ടും എന്ന് കരുതി നിയന്ത്രണം ഇല്ലാതെ കടം വാങ്ങരുത്. പെട്ടെന്ന് അതിൽ കുടുങ്ങി പോകും.
- അവസരം വരുന്നത് വരെ കാത്തിരിക്കണം. വരുന്ന അവസരങ്ങൾ വേണ്ടെന്നു വയ്ക്കരുത്.
- കണ്ണടച്ച് വില കുറച്ച് വിൽക്കരുത്. അതിൽ എല്ലാവർക്കും നഷ്ടം ഉണ്ടാകും.
- പണം വരുമ്പോൾ സമ്പാദിക്കാൻ മറക്കരുത് അത് പുതിയ മൂലധനത്തിന് സഹായിക്കും.

വിജയം അനുഭവിക്കണം

'ഒറ്റ ശ്രമത്തിൽ വിജയം, പിന്നെ സുഖ ജീവിതം' ഇതാണ് പലരുടെയും കണക്കുകൂട്ടൽ.

എന്നാൽ വലിയ സിദ്ധിയുള്ളവർ പോലും ഒറ്റയടിക്ക് വിജയശ്രീലാളിതരായിട്ടില്ല. എവറസ്റ്റ് കൊടുമുടി ആദ്യമായി കീഴടക്കിയത് എഡ്മണ്ട് ഹിലാരിയും ടെൻസിംഗ് നോർഗെയും ആണ്. എന്നാൽ അവർ തങ്ങളുടെ ആദ്യ പരിശ്രമത്തിൽ വിജയിച്ചില്ല. കടുത്ത ഹിമപാതം മൂലം അവർ ആദ്യ വട്ടം തിരികെ പോന്നു.

'നീ ഒരു കൊടുമുടി. എപ്പോഴും അത് ഒരേപോലെ ഉയർന്നു നിലകൊള്ളും. എന്നാൽ ഞാൻ മനുഷ്യർ. ഇന്നത്തേക്കാളും കരുത്തോടെ നാളെ ഞാൻ വളരും. അപ്പോൾ നിന്നെ കീഴടക്കും' എന്ന് വെല്ലുവിളിച്ചു മടങ്ങി ഹിലാരി. അടുത്ത തവണ ഇരുവരും എവറസ്റ്റ് കീഴടക്കി.

യു എസിലെ മഹാനായ പ്രസിഡന്റ് ആയി കണക്കാക്കപ്പെടുന്ന എബ്രഹാം ലിങ്കൺ, തന്റെ നാട് തിരികെ പിടിച്ച റോബർട്ട് ബ്രൂസ്, ഇന്ത്യയിലേക്ക് കടൽ വഴി യാത്രാ മാർഗം കണ്ടു പിടിച്ച വാസ്കോ ഡ ഗാമ... ഇങ്ങനെ പലരും ആദ്യശ്രമത്തിൽ പരാജയം അനുഭവിച്ചവരാണ്.



മികച്ച സിദ്ധിയുള്ളവർ പോലും ആരംഭകാലത്തിൽ വഴിയിൽ തട്ടി വീണിരിക്കുന്നു. ഫോർഡ് കാർ നിർമ്മാണ ഫാക്ടറി സ്ഥാപിച്ച് വിജയം വരിച്ച കോടീശ്വരനായ കാർ നിർമ്മാതാവാണ് ഹെൻട്രി ഫോഡ്. അദ്ദേഹം ആദ്യമായി കാർ നിർമ്മിച്ചപ്പോൾ അതിന് റിവേർസ് ഗിയർ ഉണ്ടായിരുന്നില്ല!

ഒന്നോരണ്ടോ തവണ ശ്രമിച്ചശേഷം ഇതിനപ്പുറം എനിക്ക് പറ്റില്ല എന്ന് പറയുന്നവർ ശരാശരി മനുഷ്യരാണ്. 'എന്റെ ലക്ഷ്യം കൈവരിക്കുന്നത് വരെ ഞാൻ പരിശ്രമം കൈവിടില്ല' എന്ന് പറയുന്നവർ മികവുറ്റവർ.

പിൻവാങ്ങി ഒതുങ്ങിയവരെയോ തോൽവി അടഞ്ഞവരെയോ ഈ ലോകം ഓർക്കില്ല. തോൽവി ഒരാൾക്ക് ഉത്സാഹവും വിജയിക്കാനുള്ള കടുത്ത മോഹവും നൽകണം. വിരക്തി നൽകരുത്.

ഒരു തവണ ശ്രമം ഫലിക്കാതെ വരുമ്പോൾ 'നിനക്ക് ഇത് കഴിയില്ല' എന്ന് പറയുന്നവരെ കൊണ്ടു നിറഞ്ഞതാണ് ഈ ലോകം. ശക്തമായ ശ്രമം ഉണ്ടെങ്കിൽ ഒന്നിനും നമ്മെ തടുക്കാനാകില്ല. യു എസിലെ മികച്ച പ്രസിഡന്റുമാരിൽ ഒരാളായ ഫ്രാങ്ക്ലിൻ റൂസ്വെൽറ്റ് വീൽ ചെയറിൽ ഇരുന്നാണ് രണ്ടാം ലോക മഹാ യുദ്ധം വിജയിച്ചത്.

വിജയം ലഭിക്കുന്ന ഓരോ നിമിഷവും നാം സന്തോഷത്തിൽ ആഴ്ന്നു പോകും. ലോകം നമ്മുടെ കൈയിൽ വന്നത് പോലെ തോന്നും. നാം കാണുന്ന ഓരോ കാഴ്ചയും നമുക്ക് സന്തോഷം നൽകും. ഈ അനുഭവത്തിനായി എപ്പോഴും വിജയിക്കാൻ നമുക്ക് ആഗ്രഹം ഉണ്ടാകും.

ഒമ്പതു തവണ വിംബിൾഡൺ നേടിയ മാർട്ടിന നവരതിലോവ ഓരോ വിജയത്തിന് ശേഷവും പറയും, 'എനിക്ക് ഇപ്പോൾ ഒരു വയസ്സ് കുറഞ്ഞ പോലെ തോന്നുന്നു.' എല്ലാവരും റിട്ടയർ ചെയ്യുന്ന പ്രായത്തിൽ ടെന്നീസ് കളിച്ച വ്യക്തി ലിയാണ്ടർ പേസും ഇത് തന്നെ പറഞ്ഞു. പ്രസവശേഷവും ടെന്നീസ് കളിക്കാൻ വന്ന സെറീന വില്യംസ്, 'ഇപ്പോൾ യുവതിയായ പോലെ തോന്നുന്നു' എന്ന് പറയുന്നു.

വിജയം അനുഭവിക്കുമ്പോൾ മറ്റെല്ലാം സാധാരണമായി നമുക്ക് തോന്നും.

വിജയം സുനിശ്ചിതം

• പ്രശ്ന ങ്ങൾ നമുക്ക് അടയാളം കാട്ടുന്ന കണ്ണാടികൾ ആണ്. അതിനെ അഭിമുഖീകരിക്കണം.

• എത്ര മോശമായ സാഹചര്യത്തിലും ക്ഷമയോടെ കാത്തിരിക്കണം. അവസാന നിമിഷത്തിൽ എല്ലാം മാറിമറിഞ്ഞ എത്രയോ സംഭവങ്ങൾ നമ്മുടെ മുന്നിൽ ഉണ്ട്.

• കാലം വരും, പോകും, മുറിവുകളും അത് പോലെ വന്നു പോകും.

• ചില തെറ്റുകൾ നമ്മൾ ആരെന്നു വ്യക്തമാക്കും. ചില തെറ്റുകൾ നാം ആരായി ഇരിക്കണമെന്ന് നമ്മെ പഠിപ്പിക്കും

• പൂർണ്ണ നിറവും കുറവും നിറഞ്ഞതാണ് ജീവിതം. നിറവ് മാത്രം മനസ്സിൽ സൂക്ഷിച്ചാൽ ജീവിതത്തിൽ വിജയിക്കാം

• തോൽവികൾ അപമാനം അല്ല. അവ നമുക്ക് പ്രയോജനകരമായ സമ്മാനമാണ്. തോൽവി സമ്മതിച്ചു കൊടുക്കാത്തവർ വീണ്ടും വീണ്ടും തോറ്റ് കൊണ്ടിരിക്കും.

• നമ്മുടെ ശ്രമം ആരും പരിഗണിക്കുന്നില്ല. ഫലങ്ങൾ മാത്രമാണ് വിമർശനത്തിന് ഇടയാക്കുന്നത്. അതിനാൽ ഫലം വിജയകരമാകാൻ യത്നിക്കണം.

• ഏറ്റവും വലിയ ആയുധം മാധുര്യമാർന്ന മൗനം. തോൽവിയടയാത്ത ആയുധം ക്ഷമാശീലം.

• 'ഇനി ശ്രമിക്കേണ്ട' എന്ന് ലോകം മുഴുവൻ പറഞ്ഞാലും ഉള്ളിന്റെ ഉള്ളിൽ ഒരു തവണ കൂടി എന്ന് പറഞ്ഞാൽ അത് അവഗണിക്കരുത്.

• കുഴപ്പമുള്ള ഒരു തീരുമാനമെടുത്ത് ഓടുന്നതിനു പകരം ആത്മവിശ്വാസത്തോടെ ഒരു തീരുമാനമെടുത്ത് മെല്ലെ നടക്കുന്നതാണ് നല്ലത്.

• ജീവിതത്തിൽ നമുക്ക് രണ്ടു സാധ്യതകൾ ആണുള്ളത്. നിങ്ങൾക്ക് മാറ്റാൻ കഴിയാത്തവ ഏറ്റെടുക്കുന്നത്. രണ്ടാമത്തേത്, ഏറ്റെടുത്ത മാറ്റാൻ കഴിയാത്ത കാര്യം മാറ്റുന്നത്.

• ഒരു നല്ല നാൾ സന്തോഷം തരും. മോശപ്പെട്ട നാൾ അനുഭവം നൽകും.

• വിജയം വരുമ്പോൾ എളിമ വേണം. തോൽവി അടയുമ്പോൾ ക്ഷമ വേണം.

• നിങ്ങൾക്ക് എന്തെങ്കിലും ഇഷ്ടമല്ലെങ്കിൽ അത് മാറ്റുക. നിങ്ങളാൽ അത് മാറ്റാൻ പറ്റിയില്ലെങ്കിൽ നിങ്ങളുടെ രീതി മാറ്റണം.

• സന്തോഷവും സമാധാനവും പുറമേ തേടുന്നവർ അവസാനം വരെ തോൽക്കും. നിങ്ങൾക്കുള്ളിൽ അവ കണ്ടെത്തിയാൽ എല്ലാ ദിവസവും നിങ്ങൾ വിജയിയാണ്.

• വിജയം സ്ഥിരമല്ല, തോൽവിയും. നിലനിൽക്കുന്നത് നമ്മുടെ മിടുക്കും ആത്മ വിശ്വാസവുമാണ്.അത്ഒരിക്കലുംഇല്ലാതാക്കരുത്.

• നിങ്ങൾക്ക് ജയിക്കണമെങ്കിൽ നിങ്ങളുടെ ഉള്ളിലുള്ള അവിശ്വാസം ഇല്ലാതാക്കണം.

• നിങ്ങൾക്ക് ചുറ്റുമുള്ളവർ ശരിയായ വ്യക്തികൾ ആണെങ്കിൽ നിങ്ങൾക്ക് എന്തും ചെയ്തു തീർക്കാനാകും.

• എന്തെങ്കിലും നഷ്ടപ്പെട്ടാലും അതിലും മികച്ചത് കിട്ടുമെന്ന് നിങ്ങൾ വിശ്വസിക്കണം.

• വിജയം എന്ന മാന്ത്രിക വാതിൽ തുറക്കുന്ന താക്കോലാണ് ക്ഷമ. ക്ഷമയോടെ എല്ലാ പ്രവർത്തനങ്ങളിലും ഏർപ്പെടുക.

• ജീവിതത്തിലെ ഏറ്റവും ദുഷ്കരമായ നാളുകളിൽ നിന്ന് പാഠം ഉൾക്കൊള്ളുക. മധുരമായ ദിനങ്ങൾക്ക് അത് വഴി തെളിക്കും. •

ശ്രദ്ധ ചിതറാത്ത അധ്വാനം

ഫ്രാൻസിൽ ഭരണാധികാരിയായി ഉയർന്ന്, യുറോപ്പ് മുഴുവൻ തന്നെ പിടിച്ചടക്കിയ നെപ്പോളിയൻ ചക്രവർത്തി തന്റെ അന്തിമ നാളുകളിൽ വാട്ടർലൂ യുദ്ധത്തിൽ പോരാടി പരാജയപ്പെട്ടു. അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ബ്രിട്ടീഷ് ഭരണാധികാരികൾ ഒരു ചെറിയ ദ്വീപിൽ ജയിലിൽ അടച്ചു. അവിടെയുണ്ടായിരുന്ന ബ്രിട്ടീഷ് കമാൻഡർമാർ ലോകം കീഴടക്കിയ നെപ്പോളിയൻ എങ്ങനെയിരിക്കും എന്ന് കാണാൻ കാത്തിരുന്നു. ആറടി ഉയരവും മികച്ച ഗാംഭീര്യവും അടിപതറാത്ത നടപ്പുമുള്ള ഒരു വ്യക്തിയെയാണ് അവർ അവിടെ പ്രതീക്ഷിച്ചത്.

എന്നാൽ നെപ്പോളിയൻ ശരാശരി വ്യക്തികളിലും പൊക്കം കുറഞ്ഞയാളായിരുന്നു.നീണ്ട നാൾ കപ്പൽ യാത്ര മൂലം ചടച്ചു പോയിരുന്നു. പല മാസങ്ങളായി യുദ്ധക്കളത്തിൽ ആയിരുന്നതിനാൽ ദേഹത്ത് നിരവധി പ്രശ്നങ്ങൾ. ആകെ മെലിഞ്ഞ് അടിപതറി നടന്നു വന്ന നെപ്പോളിയനെ കണ്ട് അവർ അന്തം വിട്ടു.

ഇദ്ദേഹത്തെയാണോ മഹാവീരൻ എന്ന് നാടെങ്ങും പറഞ്ഞത് എന്ന് അവർക്കു ആശ്ചര്യമായി. നെപ്പോളിയനെ പരിഹസിക്കാൻ അവർക്ക് തോന്നി. അദ്ദേഹത്തെ കളിയായി പരിഹസിക്കാൻ അവർ തീരുമാനിച്ചു. അവർ ഒരു വിരുന്നിന് ഏർപ്പാട് ചെയ്തു. ആ വിരുന്നിൽ നെപ്പോളിയൻ ഇരുന്ന കസേരയുടെ സമീപം ഒരു ഡമ്മി പീരങ്കി വെടി വയ്ക്കാൻ തീരുമാനിച്ചു അവർ. വലിയ ശബ്ദം വരുന്ന, എന്നാൽ അപകടം ഒന്നും പറ്റാത്ത വെടി.

വിരുന്നു തുടങ്ങി. എല്ലാവരും ആഹാരം കഴിച്ചു ജൂസ് കഴിക്കാൻ തുടങ്ങുമ്പോൾ ഭീകരമായ ശബ്ദത്തിൽ പീരങ്കി വെടി മുഴങ്ങി.അത് സ്ഥാപിച്ച ബ്രിട്ടീഷ് കമാൻഡർമാർ പോലും ആ ശബ്ദം കേട്ട് വിരണ്ടു. അറിയാതെ അവരുടെ കൈയിൽ നിന്ന് പാത്രങ്ങൾ താഴെ വീണു. എന്നാൽ നെപ്പോളിയൻ കുലുങ്ങാതെ അക്ഷോഭ്യനായി ജൂസ് കുടിച്ചു കൊണ്ടിരുന്നു.

'താങ്കളുടെ കാലടിയിൽ പീരങ്കി വെടി പൊട്ടിയിട്ടും താങ്കൾ പതറിയില്ലല്ലോ എന്തുകൊണ്ടാണ് അത്?' സൈനികർ അദ്ദേഹത്തോട് ചോദിച്ചു.

അതിന് നെപ്പോളിയൻ പറഞ്ഞ മറുപടി ജീവിതത്തിൽ വിജയം കാംക്ഷിക്കുന്ന ഓരോരുത്തരും ഓർക്കേണ്ടതാണ്. 'എപ്പോൾ ഞാൻ ജൂസ് കൈയിൽ എടുത്തുവോ ആ നിമിഷത്തിൽ എന്റെ ജീവിതത്തിലെ ലക്ഷ്യം ആ ജൂസ് കുടിച്ചു തീർക്കുക എന്നതായിരുന്നു.

അത് തീരും വരെ ലോകത്തിൽ എന്ത് നടക്കുന്നു എന്നതിനെ പറ്റി എനിക്ക് ഒരു ചിന്തയുമില്ല. എന്റെ ശ്രദ്ധ മറ്റെങ്ങും പോകില്ല,' അദ്ദേഹം പറഞ്ഞു.

'ഇന്നത്തെ ജീവിതത്തിൽ കഠിനാധ്വാനം മാത്രം പോരാ. ബുദ്ധിശാലികളെ പോലെ അധ്വാനിക്കണം' എന്ന് പലരും കരുതുന്നു. എന്നാൽ അത് പോരാ. ഉറപ്പും ആർജവവും ഉള്ള ഒരാൾ തന്റെ ലക്ഷ്യത്തിനു വേണ്ടി പരിപൂർണ ശ്രദ്ധ ചെലുത്തുമ്പോഴേ വിജയം അവർക്ക് ലഭിക്കൂ.

ഇന്ന് നമ്മുടെ ജീവിതത്തിൽ ലഭ്യമായ സുഖ സൗകര്യങ്ങൾ മനുഷ്യരെ സുഖലോലുപതയിൽ ആറാടിക്കുകയാണ്.ഒരു വശത്ത് നമ്മുടെ ശ്രദ്ധയെ ബാധിക്കുന്ന നിരവധി വിഷയങ്ങൾ. സമൂഹ മാധ്യമങ്ങൾ, ടി വി, കംപ്യൂട്ടർ ഗെയിമുകൾ, വീഡിയോകൾ തുടങ്ങി നമ്മുടെ ഇരുപത്തി നാല് മണിക്കൂറും വിനോദം നൽകുന്ന ഒട്ടേറെ മാധ്യമങ്ങൾ നമുക്ക് മുന്നിൽ ഉണ്ട്. ഇവയെല്ലാം താണ്ടി ഒരാൾ തന്റെ ലക്ഷ്യം മാത്രം നോക്കി മുന്നേറുക എന്നത് എളുപ്പമുള്ള കാര്യമല്ല. എന്നാൽ തങ്ങളുടെ ലക്ഷ്യത്തിൽ നിന്നും തരിമ്പും മാറാതെ അധ്വാനിച്ചു വിജയിച്ചവരാണ് ഇതെല്ലാം സൃഷ്ടിച്ചത് എന്നത് കൗതുകകരമാണ്.

തോമസ് ആൽവാ എഡിസൻ തന്റെ ലക്ഷ്യത്തിൽ അടിയുറച്ചിരുന്നത് കൊണ്ടാണ് ആയിരം തവണ തോറ്റിട്ടും വൈദ്യുതി വിളക്കുകൾ കണ്ടുപിടിച്ചത്. 'ഇത് സാധ്യമല്ല എന്ന് മൂന്ന് തവണ പരാജപ്പെട്ട ശേഷമോ 999 തവണ പരാജയപ്പെട്ട ശേഷമോ അദ്ദേഹം കരുതിയിരുന്നെങ്കിൽ അദ്ദേഹത്തിന്വൈദ്യുതിബൾബ്കണ്ടുപിടിക്കാൻ കഴിയില്ലായിരുന്നു.

ശ്രദ്ധ പതറാതെ വിജയം കൈവരിക്കാൻ എന്ത് ചെയ്യണം?

● നിങ്ങളുടെ ലക്ഷ്യം ഉന്നതമായിരിക്കണം. വെറുതെ ഒരു ചിന്ത മാത്രമായി അത് നിർത്താതെ അതിനെ പ്രവർത്തന പഥത്തിലെത്തിക്കാനായി എന്ത്ചെയ്യണമെന്ന്പ്ലാൻചെയ്ത്അത്നിറവേറ്റാൻ നിരന്തരമായി പരിശ്രമിച്ചു കൊണ്ടിരിക്കണം

● ഒരിക്കലും തളരാതെ നല്ല ഊർജത്തോടെ ഇരുന്നാൽ മാത്രമേ നിങ്ങൾക്ക് നിരന്തരമായി പരിശ്രമം നടത്താനാകൂ. ജോലി, വ്യാപാരം, വ്യവസായം തുടങ്ങി എതു മേഖലയിൽ ആണെങ്കിലും നിങ്ങൾ എന്ത് ചെയ്യാൻ ആഗ്രഹിക്കുന്നുവോ



അതിൽ അധിക ശ്രദ്ധ ചെലുത്തി അധ്വാനിക്കണം.

● നിങ്ങളുടെ ലക്ഷ്യം മികച്ചതാണെങ്കിൽ അതിനായി നീണ്ട കാലം കാത്തിരിക്കേണ്ടി വരും. ഒരു വാരത്തിലോ ഒരു മാസത്തിലോ ഉയർന്നു പോകണം എന്ന് കരുതരുത്.

● അടിക്കടി മനസ്സ് മാറരുത്. 'ഈ രംഗത്ത് ഞാൻ ഉയരത്തിൽ എത്താൻ ആഴ്ചകൾ അല്ലെങ്കിൽ മാസങ്ങൾ തന്നെ വേണ്ടി വരും' എന്ന് കരുതി വേറെ ജോലി തേടി പോകരുത്. ആഴത്തിൽ കുഴിച്ചാൽ മാത്രമേ ഖനികളിൽ നിന്ന് വിലപിടിച്ച വൈരം കിട്ടുകയുള്ളൂ.

● നിങ്ങൾ ആഗ്രഹിക്കുന്ന വിജയം വലുതായിരിക്കാം. എന്നാൽ അത് ഒരൊറ്റ ശ്വാസത്തിൽ സാധിക്കാനാകില്ല. വലിയ കടൽ പോലും തുള്ളി വെള്ളം കൊണ്ടാണ് ഉണ്ടാകുന്നതെന്ന് മറക്കരുത്. അതിനാൽ ഓരോന്നും എങ്ങനെ ചെയ്യണം എന്ന് പ്ലാൻ ചെയ്യുക. ഓരോ ദിവസവും എന്ത് ചെയ്യാം എന്ന് പിരിച്ചു നോക്കുക.

● നല്ല ഡ്രൈവർ ഇല്ലെങ്കിൽ ഒരു വാഹനം ശരിയായ ദിശയിൽ പോകില്ല. നിങ്ങൾ ജീവിതയാത്രയുടെ സാരഥിയാണ്. ഒരിക്കലും ശ്രദ്ധ വ്യതിചലിക്കരുത്. അത് മറക്കരുത്. ●

RAMRAJ

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 3

നവംബർ 2025

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്
A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി
കോംപ്ലക്സ്, 4th അവന്യൂ, അശോക്
നഗർ, ചെന്നൈ - 600 083
മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

വിജയത്തിനായുള്ള പോരാട്ടം

അന്തിമനിമിഷം വരെ വിജയത്തിന് വേണ്ടിയുള്ള നിരന്തരമായ പോരാട്ടത്തിലാണ് നാം. നമ്മുടെ സിദ്ധിയും സാധനയും കൊണ്ട് നാം നേടിയ ചെറിയ ചെറിയ വലിയ വിജയങ്ങളാണ് ഇതിനു തുണ. ബാല്യം തൊട്ടു നിരന്തരമായ മത്സര ഓട്ടത്തിലാണ് നാം. മറ്റാരെയോ പരാജയപ്പെടുത്താനല്ല ഈ ഓട്ടം. നമ്മുടെ തന്നെ ശക്തി തെളിയിക്കാനും അത് ഉപയോഗിച്ച് പരമാവധി മുന്നോട്ടു പോകാനുമുള്ള നമ്മുടെ ശ്രമമാണ് ഇവിടെ പ്രധാനം.

ജീവിതം നമുക്ക് രണ്ട് സാധ്യത മുന്നോട്ടു വയ്ക്കുന്നു. അലസനായി നിങ്ങൾക്ക് പരമ്പരാഗതമായി ലഭിച്ച ഭാഗ്യത്തെയോ നിർഭാഗ്യത്തെയോ പുണർന്ന് നിർമ്മമനായി ഈ ജീവിതം പിന്നിടാം. വലിയ ഋഷിമാരും അപൂർവ ചിന്തകരും ഈ തലത്തിൽ പെട്ടവരാണ്. പക്ഷേ ഭൂരിഭാഗവും അധ്വാനിക്കാതെ സുഖ സൗകര്യങ്ങൾ നുണയണമെന്നു ആഗ്രഹിക്കുന്നവരാണ്. നിരന്തരമായിമാറുന്നഈലോകത്തിൽഅലസമായ ജീവിതം നയിക്കുന്നവർ ആരും തന്നെ വിജയിക്കാൻ പോകുന്നില്ല. കാരണം അധ്വാനവും നൂതന ചിന്തയും സാഹചര്യങ്ങളും ഒത്തിണങ്ങിയാലേ നമുക്ക് മുന്നേറാനാകൂ. അല്ലെങ്കിൽ നാം നമ്മുടെ തന്നെ പുരോഗതിയുടെ തടവുകാരായി മാറും.

രണ്ടാമത്തെ സാധ്യതയാണ് വിജയിയെ നിണയിക്കുന്നത്. നിങ്ങൾ എന്താണ്, എങ്ങനെയാണ്, ഏതു പാരമ്പര്യത്തിലാണ് ജനിച്ചതെന്ന് നോക്കാതെ ഓരോ നിമിഷവും പോരാട്ടമായി ലോകത്തെ കണ്ട് തങ്ങളുടെ ലക്ഷ്യത്തിനായി വീണ്ടും വീണ്ടും മുന്നിട്ടിറങ്ങുന്നവർ ആണവർ. വിജയം എളുപ്പമല്ല എന്നവർക്കറിയാം. അവർ ചിലപ്പോൾ വിജയിക്കും ചിലപ്പോൾ പരാജയപ്പെടും. പക്ഷേ ആ പരാജയം പോലും അടുത്ത വിജയത്തിനുള്ള പടിയാണ് അവർക്ക്.

വിജയത്തിന് അടിസ്ഥാനമായി വേണ്ടത് ഒരു ലക്ഷ്യമാണ്. ആ ലക്ഷ്യത്തിന് അടുത്തെത്താനുള്ള കഴിവും മാർഗവുമാണ് ഇനി പ്രധാനം. അങ്ങനെ ചെയ്യുമ്പോൾ നിരവധി വൈതരണികൾ നിങ്ങളെ തടുക്കും. പക്ഷേ കാലികവും യാഥാർത്ഥ്യത്തിൽ അടിയുറച്ചതും നിങ്ങളെ മോഹിപ്പിക്കുന്നതുമായ ലക്ഷ്യങ്ങൾ ആണ് മുന്നിൽ ഉള്ളതെങ്കിൽ പരാജയങ്ങൾ നേരിട്ടാലും വിജയം നിങ്ങളെ ആശ്ലേഷിക്കുക തന്നെ ചെയ്യും. ●

RAMRAJ
COTTON
DHOTIS • SHIRTS
SCAN QR CODE FOR
STORE LOCATION
Available at Ramraj Showrooms and All Leading Textile Shops



Available at Ramraj Showrooms and All Leading Textile Shops

Pride in Every Thread.
Experience the timeless elegance of Ramraj White Shirts & Dhotis, where tradition meets effortless style. Woven from the finest fabrics for unmatched comfort reflecting the pride of heritage with a modern flair. Wear it with confidence. Wear it with pride.
RAMRAJ
COTTON
DHOTIS • SHIRTS
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in



Available at Ramraj Showrooms and All Leading Textile Shops

RAMRAJ

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോകമെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യമായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടു.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ എന്നിവ വഴി അടയ്ക്കാം. PhonePe G Pay

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്
ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

വിജയിക്കാനുള്ള മാനസിക നില

ഒരാൾ വിജയം എത്തിപ്പിടിക്കുകയാണോ പരാജയത്തിൽ തളർന്നു പോകുകയാണോ എന്നത് തീരുമാനിക്കുന്നതിൽ ആ വ്യക്തിയുടെ മാനസികനില പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആ വ്യക്തിയുടെ മനസ്സിൽ ആത്മവിശ്വാസം തുളുമ്പുകയാണെങ്കിൽ, തീർച്ചയായും വിജയിക്കും.

ഒരു ചെറിയ തിരിച്ചടി ഏൽക്കുമ്പോഴേ നിരാശപ്പെട്ട് പരിശ്രമം കൈവിടാനുള്ള മാനസിക നിലയിലാണോ? അല്ലെങ്കിൽ 'ഇത് എനിക്ക് കഴിയും' എന്ന് ഏത് പ്രവൃത്തി ചെയ്യുമ്പോഴും ദൃഢനിശ്ചയത്തോടെ ആ പരിശ്രമത്തിൽ തുടരാനുള്ള മാനസിക നിലയിലാണോ? എല്ലാ ഫലങ്ങളെയും സംശയിക്കുന്ന ആശയക്കുഴപ്പത്തിലായ മാനസിക നിലയിലാണോ? അല്ലെങ്കിൽ, ഓരോ തീരുമാനവും ആത്മവിശ്വാസത്തോടെ എടുക്കുന്നമാനസികനിലയിലാണോ?വിജയം തീരുമാനിക്കുന്നത് ഇതാണ്. ഒരിക്കലും പരിശ്രമം കൈവെടിയാത്ത മാനസിക നില കൊണ്ടാണ് പ്രഗൽഭർ എല്ലാം വിജയിച്ചത്.

നിങ്ങൾ മനസ്സിന്റെ നിയന്ത്രണത്തിലാണെങ്കിൽ, അത് നിങ്ങളെ സംശയിക്കും. 'ഇത് നിങ്ങൾക്ക് കഴിയില്ല' എന്ന് വിശ്വസിപ്പിക്കും. മനസ്സ് നിങ്ങളുടെ നിയന്ത്രണത്തിലാണെങ്കിൽ, 'എനിക്ക് കഴിയും' എന്ന് അതിനെ വിശ്വസിപ്പിക്കാൻ കഴിയും. കോടികൾ സമ്പാദിക്കുന്ന ഒരു വ്യവസായി, പെട്ടെന്ന് നഷ്ടത്തിലായാലും, വീണ്ടും സമ്പാദിച്ച് അതെല്ലാം വീണ്ടെടുക്കും. കാരണം ഒരിക്കൽ സമ്പാദിച്ച ആ വ്യക്തിക്ക് വീണ്ടും സമ്പാദിക്കേണ്ടത് എങ്ങനെ എന്ന് അറിയാം. മനസ്സിനെ ഒരിക്കൽ വിജയം ശീലിപ്പിച്ചാൽ, വീണ്ടും വീണ്ടും നിങ്ങൾക്ക് ജയിക്കാൻ കഴിയും.

വിജയ ചിന്തകൾ

ഒരു ജോലി ചെയ്യുന്ന ആൾക്ക് വൈകുന്നേരം 6 മണിക്ക് സ്വിച്ച് ഇട്ട പോലെ എഴുന്നേറ്റ് വീട്ടിലേക്ക് പോകാൻ കഴിയും. പക്ഷേ, ബിസിനസും കച്ചവടവും അങ്ങനെയല്ല. അത് വെറും ജോലിയല്ല, ജീവിതത്തിന്റെ ഭാഗമാണ്. ജോലി സമയം, വിശ്രമ സമയം എന്നിങ്ങനെ വേർതിരിക്കാൻ കഴിയില്ല. ഏത് സമയവും അതേക്കുറിച്ചുള്ള ചിന്ത മനസ്സിൽ ഓടിക്കൊണ്ടിരിക്കും. പെട്ടെന്ന് ഉണ്ടാകുന്ന ആശയങ്ങൾ പ്രാവർത്തികമാക്കേണ്ടിയിരിക്കും. അതിനാലാണ് അവ കൂടുതൽ വിജയങ്ങൾ നൽകുന്നത്.

വിജയം നൽകുന്ന ശീലങ്ങൾ

- ഒരു പ്രവർത്തിയിൽ തിരിച്ചടി ഉണ്ടാകുമ്പോൾ, 'എന്തു കൊണ്ട് ഇത് ഫലം നൽകുന്നില്ല' എന്ന് ചിന്തിക്കാതെ, 'എന്ത് ചെയ്താൽ ഫലം ലഭിക്കും' എന്ന് പോസിറ്റീവ് ആയി ചിന്തിച്ച് മുന്നേറണം.
- ഒരു കാര്യം ചെയ്യുമ്പോൾ, ചെലവ്, സമയം, അധ്വാനം എന്നിവയെക്കുറിച്ച് ചിന്തിച്ച് മടിക്കാതെ,അതിലൂടെ ലഭിക്കുന്ന ഫലങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണം.
- ഒരു പ്രവർത്തിയിൽ വേഗത്തിൽ വിജയം നേടാനുള്ള വഴികൾ മാത്രമായിരിക്കും വിജയികൾ തെരഞ്ഞെടുക്കുക.
- 'എനിക്ക് ഇത്രയേ കഴിയൂ' എന്ന് സ്വന്തം അതിർ നിശ്ചയിക്കാതെ, വലുതായി നേടാൻ ആസൂത്രണം ചെയ്യണം. അതിനുള്ള സഹായങ്ങൾ എവിടെ നിന്ന് ലഭിക്കുമോ അവിടെ നിന്നെല്ലാം അന്വേഷിച്ച് കണ്ടെത്തും.

വിജയം ഉറപ്പ്

ഒരാൾ മേയുന്ന പശുവിന്റെ കഴുത്തിൽ കയർ കെട്ടി, അതിന്റെ മറ്റേ അറ്റം തന്റെ കൈയിൽ പിടിച്ചു കൊണ്ട് നിന്നു. പുൽമേട്ടിൽ പശു മേഞ്ഞു കൊണ്ടിരുന്നു. ആ വഴിയിലൂടെ ശിഷ്യരോടൊപ്പം വന്ന ഒരു സന്ന്യാസി അദ്ദേഹത്തോട് ഒരു കാര്യം തിരക്കി. 'പശുവിനെ നീ പിടിച്ചിരിക്കുകയാണോ അതല്ല പശു നിന്നെ പിടിച്ചിരിക്കുകയാണോ?' എന്ന് ചോദിച്ചു. പശുവിന്റെ ഉടമ ചിരിച്ചു കൊണ്ട് 'ഇതൊക്കെ ഒരു ചോദ്യമാണോ?' എന്ന് ചോദിച്ചു. ശിഷ്യർ പോലും ചിരിച്ചു.

സന്ന്യാസി ചിരിച്ചില്ല. 'വീണ്ടും ചോദിക്കുന്നു. ആര് ആരുടെ തടവറയിലാണെന്ന് മനസ്സിലാകുന്നില്ല'. 'അത് എങ്ങനെ എന്നെ തടവറയിലാക്കും. അത് എന്നെ കയറിൽ കെട്ടുമോ? ഞാനാണ് അതിനെ കെട്ടി നിർത്തിയിരിക്കുന്നത്' എന്ന് പശുവിന്റെ ഉടമ ഉത്തരം നൽകി.

ഉടനേ സന്ന്യാസി, പശുവിന്റെ കഴുത്തിലെ കയർ അഴിച്ചു വിട്ടു. സ്വാതന്ത്ര്യം കിട്ടിയ പശു ഓടാൻ തുടങ്ങി. ഉടമ അമ്പരന്ന് പിന്നാലെ ഓടി. 'ഈ മനുഷ്യൻ പശു തന്റെ നിയന്ത്രണത്തിലാണെന്ന് കരുതിയിരുന്നു. സത്യത്തിൽ അദ്ദേഹമാണ് പശുവിന്റെ നിയന്ത്രണത്തിലായിരുന്നത്. ലോകത്തിൽ ഒന്നും നമ്മെ മാറ്റുന്നില്ല. നാമാണ് എല്ലാം മാറ്റിക്കൊണ്ടിരിക്കുന്നത്' എന്ന് ശിഷ്യരെ സന്ന്യാസി പഠിപ്പിച്ചു.

മോശമായ ചിന്തകളുടെ തടവറയിലാകാതിരുന്നാൽ വിജയം ഉറപ്പ്.

വിജയിക്കാനുള്ള 6 കൽപനകൾ

- പഠനം, ജോലി, തൊഴിൽ അല്ലെങ്കിൽ വ്യവസായത്തിൽ നിങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്ന വിജയത്തിനായി എന്തും ത്യാഗം ചെയ്യാൻതയാറായിരിക്കണം.അല്ലാത്തപക്ഷം, വിജയം ത്യാഗം ചെയ്യേണ്ടി വരും.

- ഭാഗ്യം കൊണ്ട് വിജയം മടിയിൽ വന്നു വീഴും എന്ന് ചിന്തിക്കരുത്. കഠിനാധ്വാനം മാത്രമേ അത് പറിച്ചു നൽകൂ.

- ക്ഷമ നഷ്ടപ്പെട്ടാൽ, പോരാട്ടം നഷ്ടപ്പെടുത്തരുതെന്ന് അർത്ഥം. ആരംഭത്തിൽ ഒന്നും നടക്കില്ല, പിന്നീട് സാവകാശം എന്തെങ്കിലും ഒന്ന് സംഭവിക്കും. അവസാനമായിരിക്കും വിജയം കൈവരിക. തുടക്കത്തിൽ തന്നെ കൈവിടുന്നവർ ഒരിക്കലും ജയിക്കില്ല.

- ശരാശരി അധ്വാനം പോലും തുടർച്ചയായി ചെയ്തു കൊണ്ടിരുന്നാൽ, അത് മികച്ച ഫലം നൽകും. തുടർച്ചയായ അധ്വാനം ഇല്ലാതെ വിജയം കൈവരില്ല.

- പ്രോത്സാഹനം നിങ്ങളെ ഉയർത്തിക്കൊണ്ടേയിരിക്കും. പക്ഷേ, ചിട്ട ഉണ്ടെങ്കിൽ മാത്രമേ ഉയരത്തിൽ നിൽക്കാൻ കഴിയൂ. ചെയ്യുന്ന ജോലി ഏതായിരുന്നാലും, എന്ത് പ്രശ്നം നേരിട്ടാലും, സത്യസന്ധമായി അധ്വാനിക്കുന്നത് അവസാനിപ്പിക്കരുത്.

- നിങ്ങളെക്കുറിച്ച് തെറ്റായി കണക്കുകൂട്ടി ആരെങ്കിലും എന്തെങ്കിലും പറയും. അത് അവഗണിച്ച് നിങ്ങളുടെ ലക്ഷ്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കണം.

കൂട്ടത്തിലുള്ള മറ്റ് എല്ലാവരെയും മറികടന്ന് ഒരാളെ വിജയിയാക്കുന്നത് എന്തൊക്കെയാണ്? ഇതാ, ആ പട്ടിക:

- ഒരു കാര്യം എപ്പോൾ ചെയ്യണം, എപ്പോൾ ഒഴിവാക്കണം എന്ന് അവർക്ക് ബോധ്യമുണ്ടായിരിക്കും. ഈ ലോകം തന്നെ ചെയ്യാൻ പറഞ്ഞാലും, ഫലം നൽകാത്ത ഒരു കാര്യത്തിൽ അവർ ഇറങ്ങില്ല. ആര് തടുത്താലും, തങ്ങളുടെ ഉള്ളുണർവ് പറയുന്നത് അനുസരിച്ച് കഠിനമായവ കൈവരിക്കും.

- തങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്ന അധ്വാനത്തേക്കാൾ കൂടുതൽ എപ്പോഴും നൽകും. 'ഇത് എന്റെ ജോലിയല്ല' എന്ന് പറഞ്ഞ് ഒന്നും ഒഴിവാക്കില്ല.

- വിജയിക്കാൻ ധാരാളം ക്ഷമയും കഠിനാധ്വാനവും മുഷിവില്ലാത്ത പരിശ്രമവും ആവശ്യമുണ്ടെന്ന് അവർക്ക് അറിയും. ഇടയ്ക്ക് ഉണ്ടാകുന്ന പരാജയങ്ങളിൽ തളരില്ല. അവയിൽ നിന്ന് പഠിച്ച് തിരുത്തും.

- ഓരോ ദിവസവും തലേ ദിവസത്തേക്കാൾ ചെറിയ തോതിലെങ്കിലും മുന്നേറിയിട്ടുണ്ടോ എന്ന് സ്വയം ചോദിക്കും. അങ്ങനെ അധ്വാനിക്കുമ്പോൾ ഇടയ്ക്ക് വരുന്നതാണ് ഭാഗ്യം എന്ന് അവർക്ക് മനസ്സിലാകും. വെറുതേ ഇരുന്ന് 'മന്ത്രം കൊണ്ട് മാങ്ങ വീഴും' എന്ന് കാത്തിരിക്കില്ല.

- തങ്ങളുടെ ശക്തി മനസ്സിലാക്കി, അത് ഉപയോഗപ്പെടുത്തി തങ്ങളെക്കൊണ്ട് കൈവരിക്കാൻ കഴിയുന്ന ലക്ഷ്യങ്ങൾ അവർ നിർണയിക്കും. തങ്ങളുടെ ദൗർബല്യങ്ങളും മനസ്സിലാക്കിയിരിക്കും.

- സ്വന്തം പ്രവർത്തികൾക്കും അവയുടെ ഫലങ്ങൾക്കും ഉത്തരവാദിത്തമേൽക്കും. മറ്റുള്ളവരുടെ സഹായം പ്രതീക്ഷിച്ചാലും, ആരെയും ആശ്രയിച്ചിരിക്കില്ല. ഒരു തെറ്റിനും മറ്റുള്ളവരിൽ പഴിചാരില്ല.

- തങ്ങൾക്ക് ചുറ്റും ഉണ്ടാകുന്ന മാറ്റങ്ങൾ വ്യക്തമായി മനസ്സിലാക്കും. ആ മാറ്റങ്ങൾ കൊണ്ട് തങ്ങൾ ബാധിക്കപ്പെടാതെ നോക്കും. കാലത്തിന് അനുസൃതമായി തങ്ങളുടെ ജോലിയും ബിസിനസും മാറ്റേണ്ട ചുറ്റുപാട് ഉണ്ടായാൽ, എല്ലാവർക്കും മുമ്പായി അത് ചെയ്യും.

- ശരിയായ ആൾക്കാരോട് ശരിയായ ചോദ്യങ്ങൾ ചോദിച്ച് തങ്ങൾക്ക് വേണ്ടത് നേടും. ഒരു പ്രശ്നം നേരിടുമ്പോൾ, കാഴ്ചക്കാരനാകില്ല, അത് പരിഹരിക്കാനുള്ള മികച്ച വഴി തേടും.

- തങ്ങൾക്ക് തൃപ്തി നൽകാത്ത ഒരു പ്രവൃത്തി അവർ തുടർന്ന് ചെയ്യില്ല. തങ്ങളുടെ കഴിവിന് അനുയോജ്യമല്ലാത്ത ചെറിയ കാര്യങ്ങൾക്ക് അധ്വാനം പാഴാക്കില്ല. 'ഞാൻ ഇരിക്കേണ്ടത് ഇവിടെയാണ്' എന്ന് അവർക്ക് അറിയാമെന്നതിനാൽ, അത് ലക്ഷ്യം വച്ചുള്ള യാത്രയായിരിക്കും അവരുടെ ജീവിതം.

- കുറുക്കുവഴിയിലൂടെ വിജയമോ പണമോ നേടാൻ അവർ ആഗ്രഹിക്കില്ല. കരുത്തുറ്റ കെട്ടിടത്തിന് ഉറപ്പുള്ള അടിത്തറ എത്ര കണ്ട് അവശ്യമാണോ അത്തരത്തിൽ വിജയകരമായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ കഠിനാധ്വാനം പ്രധാനം എന്ന് അവർക്ക് ബോധ്യമുണ്ടായിരിക്കും. അത് ആസ്വദിച്ച് ചെയ്യും. •

വിജയി ആക്കുന്നത് എന്ത്?

എപ്പോഴും ചിട്ട പാലിക്കുന്നതാണോ വിജയം?

എന്തിലും മറ്റുള്ളവരേക്കാൾ കൂടുതൽ അധ്വാനിക്കുന്നവരാണ് വിജയിക്കുന്നത്. കൂടുതൽ പരിശ്രമിക്കുന്നവരാണ് വിജയിക്കുന്നവർ. അതേ സമയം, മറ്റുള്ളവരേക്കാൾ കൂടുതൽ ചിട്ട പാലിക്കുന്നതും വിജയത്തിന്റെ ഒരു അംശമാണോ? യാഥാർത്ഥ്യം എന്തെന്ന് പറയുന്ന ഒരു കഥ...

സീത എല്ലാത്തിലും ഭംഗിയും ചിട്ടയും പാലിക്കുന്ന വീട്ടമ്മയാണ്. വീട്ടിനു മുന്നിൽ വരയ്ക്കുന്ന കോലം അത്രയ്ക്കും ഭംഗി ഉണ്ടായിരിക്കും. സ്കെയിൽ വച്ച് അളന്ന് വരച്ചതു പോലെ തോന്നും. വീട്ടിനുള്ളിൽ എത്തുന്നവർ ഈ ചിട്ട അവിടെയും കണ്ട് അത്ഭുതപ്പെടും.

ലെൻസ് വച്ച് നോക്കിയാൽ പോലും ഒരു പൊടി പോലും ഉണ്ടാകില്ല. ഹാളിലും അടുക്കളയിലും എല്ലാവസ്തുക്കളും അതാതിടത്തിൽ ആയിരിക്കും. പാത്രങ്ങൾ ഒന്നു രണ്ടു തവണ നന്നായി കഴുകിയ ശേഷമേ പാചകം ചെയ്യൂ. ഭക്ഷണം വിളമ്പുന്നതിലും അതേ വൃത്തി പാലിക്കും. അടുക്കള സിങ്കിൽ ഒരു പാത്രം പോലും കഴുകാതെ കിടക്കില്ല. അപ്പപ്പോൾ കഴുകി വയ്ക്കും. ജോലിക്കെത്തുന്നവർ തന്റെ പ്രതീക്ഷ നിരാശപ്പെടുത്തുന്നതിനാൽ ജോലിക്കും ആരെയും വച്ചിട്ടില്ല.

കുട്ടികൾ ഉള്ള വീട് അലങ്കോലമായിരിക്കും എന്ന് പറയാറുണ്ട്. പക്ഷേ സീതയുടെ വീട്ടിൽ കുട്ടികളുടെ കളിപ്പാട്ടങ്ങൾ പോലും കൃത്യമായി അടുക്കി വച്ചിരിക്കും. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സീതയുടെ വീട് കണ്ട് അത്ഭുതപ്പെടാതിരിക്കാൻ കഴിയില്ല.

കാലം കടന്നു. വിദേശത്ത് പോയിരുന്ന ഒരു ബന്ധു ഒരു ദിവസം സീതയുടെ വീട്ടിലെത്തി. വീടിനു മുന്നിൽ അലങ്കോലമായ ഒരു കോലം കണ്ട്, വീടു മാറിപ്പോയോ എന്ന് സംശയിച്ചു. കോളിംഗ് ബെൽ അടിച്ചപ്പോൾ സീത വന്ന് വാതിൽ തുറന്നു. ഹാളിൽ പലതും ചിതറിക്കിടക്കുന്നു. ഒരു ജോലിക്കാരി ചായ കൊണ്ടുവന്ന് നൽകി.

ഈ മാറ്റത്തെക്കുറിച്ച് ബന്ധു ചോദിച്ചതും സീത പറഞ്ഞു... 'വിവാഹം കഴിഞ്ഞ് എത്തിയപ്പോൾ ഞാൻ ഒന്നും ശരിയായി ചെയ്യുന്നില്ലെന്ന് എന്റെ അമ്മായിയമ്മ കളിയാക്കുമായിരുന്നു. അവരെ അത് ബോധ്യപ്പെടുത്താനാണ് എല്ലാത്തിലും ചിട്ട കാട്ടിയത്. പിന്നീട് അത് ശീലമായി. ഇതാണ് വിജയകരമായ ജീവിതം എന്ന് കരുതി. ആറു മാസങ്ങൾക്ക്മുമ്പ്കൈവേദനതാങ്ങാൻകഴിയാതെ ഡോക്ടറെ കാണാൻ പോയി. വിശ്രമമില്ലാതെ ജോലി ചെയ്യുന്നതിനാൽ എന്റെ എല്ലുകൾക്ക് തേയ്മാനം സംഭവിച്ചു എന്ന് ഡോക്ടർ പറഞ്ഞു. ഇനിമേൽ വീട് തൂക്കാനോ തുടയ്ക്കാനോ പാത്രം കഴുകാനോ പാടില്ലെന്ന് ഡോക്ടർ പറഞ്ഞു. വീട് എങ്ങനെ ആയാലും കുഴപ്പമില്ല, ഞാൻ ഇപ്പോൾ ആരോഗ്യത്തിലാണ് ശ്രദ്ധിക്കുന്നത്. ഇത് ഞാൻ മുമ്പേ ചെയ്തിരുന്നിരിക്കണം' എന്ന് പറഞ്ഞു.

വീട് അലങ്കോലമായാലും കുഴപ്പമില്ലെന്നല്ല ഇവിടെ പറയുന്നത്. എല്ലാത്തിലും ചിട്ട നോക്കാതെ, അതിന്റെ അനന്തരഫലങ്ങളും എന്തായിരിക്കും എന്ന് ചിന്തിക്കുന്നതാണ് പൂർണമായ വിജയം നൽകുന്നത്.

വിജയ മാർഗങ്ങൾ

'ക്രിക്കറ്റ് ദൈവം' എന്ന് വിശേഷിപ്പിക്കുന്ന സചിൻ തെൻഡുൽക്കർ പറയുന്ന വിജയ മാർഗങ്ങൾ:

1. നിങ്ങളുടെ സ്വപ്നങ്ങൾ പിന്തുടരണം, അതാണ് നിങ്ങളുടെ ജീവിതം.
2. എന്ത് ചെയ്താലും ആത്മവിശ്വാസത്തോടെ ചെയ്യണം, അത് വിജയത്തിനരികിൽ എത്തിക്കും.
3. നല്ല ഗുണങ്ങൾ ഉണ്ടായിരിക്കണം, നല്ല മനുഷ്യർ സഹായത്തിനെത്തും.
4. കഠിനാധ്വാനം ചെയ്ത് മത്സരിക്കണം, മത്സരിക്കുന്നവരോട് മര്യാദ പാലിക്കണം.
5. ഏത് ചുറ്റുപാടും നേരിടാൻ ഏത് നേരത്തും തയാറായിരിക്കണം.
6. 'എനിക്ക് കഴിയില്ല' എന്ന വിരക്തിയോടെ ഒന്നിൽ നിന്നും മാറിനിൽക്കരുത്.
7. വ്യക്തമായ പദ്ധതികളോടെ കളത്തിലിറങ്ങണം. അവ ശരിയായി ചെയ്യണം.
8. ശരിയായ പാതയിൽ സഞ്ചരിക്കണം, അതിനൊടുവിൽ വിജയം കൈവരും.
9. ആരോടും കൈകോർത്ത് അധ്വാനിക്കാൻ തയാറായിരിക്കണം, നിങ്ങളുടെ അധ്വാനം മതിക്കപ്പെടും.
10. 'ഈ മേഖലയിൽ ഈ വ്യക്തിപ്പോലെ മികച്ചവർ ഉണ്ടായിരിക്കില്ല' എന്ന മികവ് നേടണം, വിജയം തേടി എത്തും.

ജയിച്ചു കാണിക്കാം

ആർക്കും ജയിച്ചു കാണിക്കാൻ പ്രമുഖ ഹോളിവുഡ് നടൻ ലിയോനാർഡോ ഡികാപ്രിയോ പറയുന്ന മന്ത്രങ്ങൾ:

1. നിങ്ങളെ മാറ്റുന്ന ഏത് ചുറ്റുപാടിനും തയാറായിരിക്കണം.
2. നിങ്ങളുടെ ബാങ്ക് ബാലൻസ്, നിങ്ങളുടെ ഫോൺ നമ്പരിനേക്കാൾ വലുതായിരിക്കണം.
3. ലോകത്ത് 99% മനുഷ്യർ ചെയ്യാത്ത ഒരു കാര്യം നിങ്ങൾ ചെയ്യുമ്പോഴാണ്, വിജയം അരികിലെത്തുന്നത്.
4. നിങ്ങൾ വിജയിക്കുമ്പോൾ അഭിനന്ദിക്കാത്തവരോട് ജാഗ്രതപാലിക്കണം.
5. ഏത് പരാജയവും നിങ്ങളെ ആക്രമിച്ച് തളർത്താതെ നോക്കണം.
6. നിങ്ങളെ സന്തോഷപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യാൻ മടിക്കരുത്.
7. വിജയിക്കുന്നതല്ലാതെ മറ്റൊരു അവസരവും ഇല്ലാത്തതു പോലെ അധ്വാനിക്കണം.
8. പ്രശ്നങ്ങളെ പുഞ്ചിരിയോടെ കടന്നു പോകണം.
9. നിങ്ങളുടെ അധ്വാനമാണ് നിങ്ങളുടെ വിസിറ്റിംഗ് കാർഡ്
10. കഠിനമായ നിമിഷങ്ങൾക്ക് നന്ദി പറയണം. അവയാണ് നിങ്ങളെ നിശ്ചയദാർഢ്യമുള്ളവരാക്കി മാറ്റുന്നത്.

വിജയ നിയമങ്ങൾ

എഴുത്തുകാരനും മോട്ടിവേഷണൽ പ്രഭാഷകനുമായ ഗ്രാന്റ് കാർഡൺ പറയുന്ന വിജയ നിയമങ്ങൾ:

1. എത്ര പ്രതിസന്ധികൾ വന്നാലും, പ്രവർത്തിയിൽ മന്ദത കാണിക്കരുത്.
2. ഫലങ്ങളും അനന്തരഫലങ്ങളും അവലോകനം ചെയ്ത് ഏത് തീരുമാനവും പെട്ടെന്ന് എടുക്കണം.
3. നിങ്ങളുടെ വിജയത്തെക്കുറിച്ച് മറ്റുള്ളവരോട് നിങ്ങളാണ് പറയേണ്ടത്.
4. മറ്റുള്ളവരിൽ നിന്ന് നേടുന്നതിനേക്കാൾ കൂടുതൽ നൽകണം.
5. 'കഴിയില്ല' എന്ന് പറയുന്നതിനേക്കാൾ കൂടുതൽ 'കഴിയും' എന്ന് പറയണം.
6. ചെറുതായി ചെയ്യുന്ന ഒരു പ്രവർത്തിയിൽ വിജയം നേടിയാൽ, അത് വലുതാക്കണം.
7. വെറുതേയിരിക്കുന്നതിനേക്കാൾ എന്തെങ്കിലും ഒന്ന് ചെയ്യുന്നത് മികച്ചത്.
8. മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കണം.
9. വളർച്ച നൽകുന്ന ഏത് അവസരവും കണ്ണടച്ചു കൊണ്ടു തന്നെ ഏറ്റെടുക്കണം.
10. അർഹതയുള്ളവരുടെ ഉപദേശങ്ങൾക്ക് മാത്രം വിലകൽപിക്കണം.

വിജയ മന്ത്രങ്ങൾ

ഫേസ്ബുക്കിന് ജന്മം നൽകിയ മാർക്ക് സക്കർബർഗ് പറയുന്ന 10 വിജയ മന്ത്രങ്ങൾ:

1. നിങ്ങളുടെ സമയം ഉപയോഗപ്രദമായി ചെലവഴിച്ചാൽ, അതിന്റെ ഫലമായി വിജയം ലഭിക്കും.
2. ആരോഗ്യകരമായ വിമർശനങ്ങൾ സ്വീകരിക്കണം, അവ നിങ്ങളെ ഉയർത്തും.
3. തെറ്റ് ചെയ്താൽ വിഷമിക്കരുത്, അതിൽ നിന്ന് പഠിക്കണം.
4. ആരോട് കൈകോർത്ത് അധ്വാനിച്ചാൽ വളർച്ച ലഭിക്കുമോ, അവരോടൊപ്പം ഉണ്ടായിരിക്കണം.
5. എന്ത് ചെയ്താലും 'ഇതിലൂടെ എന്ത് മാറ്റം ഉണ്ടാക്കാൻ കഴിയും' എന്ന് ചിന്തിക്കണം, വിജയം ലഭിക്കും.
6. നിങ്ങൾക്ക് ചുറ്റുമുള്ളവരിൽ നിന്ന് ധാരാളം പഠിക്കണം.
7. എപ്പോഴും നല്ല സംഘത്തോടൊപ്പം ചേർന്നിരിക്കണം.
8. നിങ്ങളുടെ പ്രവർത്തിയിലൂടെ നല്ല അനുഭവങ്ങൾ എപ്പോഴും നേടണം.
9. എന്ത് ചെയ്താലും കരുതലോടെ ചെയ്യണം.
10. സമൂഹവുമായി എപ്പോഴും ചേർന്നിരിക്കണം. അവരാണ് നിങ്ങളെ താങ്ങി നിർത്തുന്നവർ.

വിജയ വാക്കുകൾ

പ്രമുഖ വ്യവസായിയും വിർജിൻ അറ്റ്ലാന്റിക് എയർവേസിന്റെ മേധാവിയുമായ റിച്ചാർഡ് ബ്രാൻസൺ പറയുന്ന വിജയ വഴികൾ:

1. മടിയേ ഇല്ലാതെ പ്രവർത്തിയിൽ ഇറങ്ങണം. അത് ധാരാളം പാഠങ്ങൾ പഠിപ്പിക്കും.
2. ഏതാണോ നിങ്ങളെ ആനന്ദത്തിലാക്കുന്നത് അത് നിങ്ങളുടെ ജോലിയോ തൊഴിലോ ആക്കി മാറ്റണം. ഉത്സാഹത്തോടെ അധ്വാനിക്കും.
3. അവസരങ്ങൾ വരും, പോകും. വരുമ്പോൾ കൈവിട്ടുകളയരുത്.
4. ശരിയായ നിമിഷത്തിനായി കാത്തിരിക്കരുത്. അത് സൃഷ്ടിക്കണം.
5. വലിയ വെല്ലുവിളികൾ ഇഷ്ടപ്പെടണം, വളരാൻ കഴിയും.
6. എന്ത് ചെയ്താലും അത് ലോകത്തിലെ ഉന്നതമായ പ്രവൃത്തി എന്ന് കരുതണം.
7. നിങ്ങളെ കണ്ട് എല്ലാവരും ഭയപ്പെടുന്ന വിധത്തിൽ ഭ്രാന്തമായി അധ്വാനിക്കണം.
8. അറിയാത്ത കാര്യവും ചെയ്തു നോക്കി, പരാജയപ്പെട്ട്, പഠിക്കണം.
9. ഭാവിയിലെ പരാജയത്തെക്കുറിച്ചോർത്ത് ഭയന്ന്, വർത്തമാനകാല സമാധാനം നഷ്ടപ്പെടുത്തരുത്.
10. മികച്ചത് മാത്രം നിങ്ങളോടൊപ്പം നിലനിർത്തണം, മറ്റുള്ളവ മാറ്റി നിർത്തണം.

ടോപ്പ് 10 നിയമങ്ങൾ

ഗൂഗിൾ മേധാവി സുന്ദർ പിച്ചൈയുടെ ടോപ്പ് 10 വിജയ നിയമങ്ങൾ:

1. 'അടുത്തത് എന്ത്' എന്ന് എപ്പോഴും തേടിക്കൊണ്ടേയിരിക്കണം.
2. തീരുമാനമെടുക്കുന്ന അധികാരം പങ്കുവയ്ക്കണം, മികച്ച തീരുമാനങ്ങൾ ലഭിക്കും.
3. ആശയങ്ങളാണ് പ്രവർത്തികളായി മാറുന്നത്. പുതിയ പുതിയ ആശയങ്ങൾ തേടണം.
4. റിസ്ക് എടുക്കാൻ മടിക്കാത്തവർക്കാണ് കൂടുതൽ വിജയങ്ങൾ ലഭിക്കുന്നത്.
5. ഏത് ചുറ്റുപാടിലും 'ഇത് നമുക്ക് വളർച്ച നൽകും' എന്ന് ചിന്തിക്കണം.
6. പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ് വിജയത്തിനുള്ള വാതിൽ തുറക്കുന്നത്.
7. നിങ്ങളുടെ സ്വപ്നങ്ങൾ മറക്കരുത്. അതാണ് നിങ്ങളെ ഉയർത്തുന്നത്.
8. നിങ്ങൾ ചെയ്യുന്ന എന്തും ഇഷ്ടത്തോടെ ആത്മാർത്ഥമായി ചെയ്യണം.
9. 'ഇതാണ് അതിര്' എന്ന് വരയ്ക്കാതെ, കഴിവിനും അപ്പുറം അധ്വാനിക്കണം.
10. ഓരോ ദിവസവും നിങ്ങളുടെ വളർച്ചയ്ക്കായി എന്തെങ്കിലും ഒന്ന് ചെയ്യണം.

കൂടാരത്തിൽ ജീവിച്ചു... കോടികൾ സമ്പാദിക്കുന്നു

താമസിക്കാൻ ഇടമില്ലാതെ ഒരു മൈതാനത്തിലെ കൂടാരത്തിൽ ജീവിച്ച ഒരു കുട്ടി, ജീവിക്കാൻ പാനിപൂരി കടയിൽ ജോലി ചെയ്ത യുവാവ്, ഒരു ദിവസം നാല് കോടി രൂപ സമ്പാദിക്കാനുള്ള അവസരം നേടുന്നു. ലോട്ടറി അടിച്ചതല്ല.ചൂതാട്ടംഅല്ല.സിനിമയിൽനടക്കുന്നതു പോലെ ഒരേ പാട്ടിൽ പണക്കാരനായതുമല്ല. ജീവിതത്തിൽതന്റെലക്ഷ്യംകൈവിടാതെഅതിനു വേണ്ടി അധ്വാനിച്ചാൽ വിജയിക്കാം എന്നതിന് ഉദാഹരണമായിരിക്കുന്നു ആ യുവാവ്.

അതാണ് യശ്വസി ജെയ്സ്വാൾ. 21 വയസ്സേ ആകുന്നുള്ളൂ. അതിനുള്ളിൽ ക്രിക്കറ്റിലെ അടുത്ത തെൻഡുൽക്കർ, അടുത്ത വിരാട് കോലി എന്നെല്ലാം വിശേഷിപ്പിക്കുന്നു. ഈ വർഷത്തെ ഐ പി എൽ ക്രിക്കറ്റ് മത്സരങ്ങളിൽ കളിക്കാൻ രാജസ്ഥാൻ റോയൽസ് 18 കോടി രൂപയ്ക്കാണ് ലേലത്തിൽ എടുത്തത്. ഐ പി എൽ ക്രിക്കറ്റിൽ അതിവേഗ അർധ സെഞ്ചുറി, ഇന്ത്യൻ ടീമിൽ തുടക്കം കുറിച്ച ആദ്യ ടെസ്റ്റിൽ സെഞ്ചുറിഎന്നിങ്ങനെ നിരനിരയായി സാധനകൾ കീഴടക്കിക്കൊണ്ടിരിക്കുന്നു.

ഇപ്പോൾ മുംബയിൽ എല്ലാ സൗകര്യങ്ങളോടെയും ജീവിക്കുന്ന യശ്വസിയുടെ കുട്ടിക്കാലം അത്ര മികച്ചതായിരുന്നില്ല. ഉത്തര പ്രദേശിലെ വാരണാസിക്ക് അരികിലുള്ള ഭാദോഹി എന്ന ചെറിയ നഗരത്തിലാണ് യശ്വസിയുടെ ജനനം. അച്ഛൻ ഭൂപേന്ദ്ര പെയിന്റ് വ്യാപാരം ചെയ്യുന്നു. ലഭിക്കുന്ന വരുമാനം നാല് കുട്ടികളുടെ

ഭക്ഷണത്തിനു മാത്രം തികയുന്ന ചുറ്റുപാട്.

എട്ടാംവയസ്സിൽതന്നെയശ്വസിക്ക്ക്രിക്കറ്റിനോട് താൽപര്യം തോന്നിത്തുടങ്ങിയിരുന്നു. അതിരാവിലെ കളിക്കാൻ പോകും. അവധി നാളുകളിൽ പന്ത് കണ്ണിൽ പെടാതിരിക്കുന്ന ഇരുളും വരെ കളിക്കും. 13 വയസ്സിൽ അവനെ മുംബയിൽ കൊണ്ടുവന്നു. ഒരു ബന്ധുവിന്റെ വീട്ടിലായിരുന്നു താമസം. ആ ബന്ധുവിന്റെ വീട് ചെറുതായിരുന്നു. അവർക്ക് തന്നെ ഇടമില്ലാത്ത അവസ്ഥ. ആ ബന്ധു ഒരു പാൽക്കടയിൽ യശ്വസിയെ കൊണ്ടു പോയി ചേർത്തു. രാത്രി അവിടെ തങ്ങി ജോലി ചെയ്ത് ക്രിക്കറ്റ് പരിശീലനത്തിനും പോകാൻ ഏർപ്പാട് ചെയ്തു. പക്ഷേ, യശ്വസി കൂടുതൽ സമയം ക്രിക്കറ്റ് പരിശീലനത്തിന് ചെലവഴിക്കുന്നത് അവർക്ക് ഇഷ്ടപ്പെട്ടില്ല. അങ്ങനെ അവിടെ നിന്നും തുരത്തി.

മുംബയ് ആസാദ് മൈതാനത്തിൽ ധാരാളം പേർ കൂടാരം കെട്ടി പാർക്കുന്നുണ്ടായിരുന്നു. അവരിൽ ചിലർ ക്രിക്കറ്റ് കളിക്കുന്നവരായിരുന്നു. 'ഈ കൂടാരങ്ങളിൽ ഒന്നിൽ തങ്ങാൻ ഇടം ലഭിച്ചാൽ, ദിവസം മുഴുവനും ക്രിക്കറ്റ് പരിശീലിക്കാം' എന്ന് അവന് തോന്നി. പക്ഷേ ക്രിക്കറ്റ് ക്ലബിന്റെ അനുമതി ഇല്ലാതെ അവിടെ തങ്ങാൻ കഴിയില്ല. അന്ന് ആ മൈതാനത്തിൽ ഒരു ക്രിക്കറ്റ് മത്സരം നടക്കുന്നുണ്ടായിരുന്നു. യശ്വസിയുടെ നല്ല സമയം, ഒരു ടീമിൽ ബാറ്റിംഗിന് ആൾ കുറവ്. 'ഞാൻ നന്നായി ബാറ്റ് ചെയ്യും. എനിക്ക് ഒരു അവസരം നൽകൂ' എന്ന് പോരാടി യശ്വസി ടീമിൽ ഇടം നേടി. അന്ന് നന്നായി കളിച്ചതിനാൽ, ഒരു കൂടാരത്തിൽ തങ്ങാൻ അനുമതി ലഭിച്ചു.

കറണ്ട്ഇല്ല,വെള്ളംഇല്ല,കക്കൂസുംകുളിമുറിയും ഇല്ല. എന്നാലും, ആരുടെയും ശല്യമില്ലാതെ രാത്രി ഉറങ്ങാൻ ഒരു സ്ഥലം ലഭിച്ചുവെന്ന ആശ്വാസം. അടുത്ത മൂന്നു വർഷം അതായിരുന്നു അവന്റെ വീട്. താമസിക്കാൻ ഒരിടം കിട്ടിയെങ്കിലും ഭക്ഷണം അപ്പോഴും പ്രശ്നമായിരുന്നു.

മൈതാനത്തിനു വെളിയിൽ ഒരു പാനി പൂരി കടയിൽ ജോലിക്ക് ചേർന്നു അവൻ. പകൽ മുഴുവനും പരിശീലനവും കളിയും. രാത്രി പാനി പൂരി വ്യാപാരം. മൈതാനത്തിൽ ഒപ്പം കളിച്ചവർ ആ കടയിൽ എത്തുമ്പോൾ അൽപം വിഷമം തോന്നും. 'രാവിലെ ക്രിക്കറ്റ് കളിയിൽ 100 റൺസ് എടുത്തിട്ടുണ്ടായിരിക്കും. എന്നിരുന്നാലും അന്ന് വൈകുന്നേരം പോയി പാനി പൂരി വിറ്റാലേ രാത്രി ഭക്ഷണം കഴിക്കാൻ കഴിയൂ. വലിയ മത്സരങ്ങൾ നടക്കുമ്പോൾ, ബൗണ്ടറിക്ക് വെളിയിൽ നിന്ന് പന്ത് എടുത്ത് കൊടുക്കുന്ന ജോലിയും ചെയ്തിട്ടുണ്ട്. ഒന്നു ചെയ്യാനും മടി കാണിച്ചിട്ടില്ല. എന്റെ ശ്രദ്ധ കളിയിൽ നിന്ന് മാറാതെ കാത്തുസൂക്ഷിച്ചു' എന്ന് പറയുന്നു യശ്വസി.

ഏതണ്ട് മൂന്ന് വർഷം ഇത്തരത്തിൽ പോരാടി ജീവിച്ച യശ്വസി, ജ്വാലാ സിംഗ് എന്ന നല്ല മനുഷ്യന്റെ ശ്രദ്ധയിൽ പെട്ടു. ജ്വാലാ സിംഗ് ഒരു ക്രിക്കറ്റ് കോച്ച് ആണ്. മറ്റെല്ലാവരും കാലിടറിയ ഒരു മത്സരത്തിൽ യശ്വസി അനായാസമായി കളിക്കുന്നത് അദ്ദേഹം കണ്ടു, 'ഇവൻ ഒരു ക്രിക്കറ്റ് ജീനിയസ്' എന്ന് കണ്ടറിഞ്ഞു. യശ്വസിയോട് സംസാരിച്ചു. അവന്റെ പശ്ചാത്തലം മനസ്സിലാക്കി. അന്നു തന്നെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. അന്നു മുതൽ അദ്ദേഹത്തിന്റെ വളർത്തു മകനായി യശ്വസി.

യശ്വസി അതിനു ശേഷം റെക്കോർഡുകൾ സൃഷ്ടിക്കാൻ ആരംഭിച്ചു. 2019-ൽ മുംബയ് ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ആദ്യ മത്സരത്തിൽ തന്നെ 203 റണ്ണുകൾ എടുത്തു. 'നാഷണൽ ലെവലിൽ 50 ഓവർ മത്സരങ്ങളിൽ ഏറ്റവും ചെറിയ പ്രായത്തിൽ ഡബിൾ സെഞ്ചുറി നേടിയ കളിക്കാരൻ' എന്ന ലോക റെക്കോർഡ് നേടി. അത് അവന് ഉടനേ 19 വയസ്സുകാരുടെ ഇന്ത്യൻ ടീമിൽ ഇടം നേടിക്കൊടുത്തു. അതിനെ തുടർന്ന് ഐ പി എൽ ലേലത്തിൽ 4 കോടിക്ക് രാജാസ്ഥാൻ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

'ഒന്നും എനിക്ക് ലളിതമായി കിട്ടിയതല്ല കഠിനാധ്വാനത്തിനും പോരാട്ടത്തിനും ശേഷമാണ് ഞാൻ ഓരോ പടിയും കയറിയത്. ഇപ്പോൾ ഫലവും പണവും ലഭിക്കുന്നുണ്ട്. ഇതിനേക്കാൾ ഉപരി, ആഗ്രഹിച്ചത് നേടി എന്ന തൃപ്തി ഉണ്ട്. അതാണ് വലിയ നേട്ടം' എന്ന് പറയുന്നു യശ്വസി. മുൻ പാകിസ്ഥാൻ താരം ഷോയിബ് അഖ്തർ, 'നാം ചെയ്യുന്ന എന്തും ഉന്നതമായി ചെയ്താൽ, പണം നമുക്ക് പിന്നാലെ ഓടിയെത്തും എന്നതിന് നമ്മുടെ കണ്മുന്നിലുള്ള ഉദാഹരണമാണ് യശ്വസി' എന്ന് പറയുന്നു. •

ഒഴിവാക്കാൻ കഴിയാത്തവരാണോ നിങ്ങൾ?

ഒരു ഫാക്ടറിയിലെ ടെക്നിക്കൽ വിഭാഗത്തിൽ ഒരു യുവാവ് ഉണ്ടായിരുന്നു. ആ വിഭാഗത്തിന്റെ മേധാവി ആയിരുന്ന ഒരു പ്രായമേറിയ മനുഷ്യൻ, അവനെ എല്ലാ ജോലിയും പഠിപ്പിച്ചു. അവനും താൽപര്യത്തോടെ അധ്വാനിച്ച് പഠിച്ചു. നല്ല കഴിവുറ്റവൻ എന്ന് സഹ പ്രവർത്തകർക്കിടയിൽ പേരു നേടി.

ചില വർഷങ്ങളിൽ മേധാവി വിരമിച്ചു. അവൻ അതേ അർപ്പണബോധത്തോടെ അവന്റെ ജോലി തുടർന്നു. ഒരു ദിവസം റോഡിൽ വച്ച് തന്റെ വഴികാട്ടിയായിരുന്ന പഴയ മേധാവിയെ കണ്ടു. അവൻ നിരാശയിലാണെന്ന് മനസ്സിലാക്കിയ മേധവി, കാരണം അന്വേഷിച്ചു. 'ഇത്രയും വർഷങ്ങളായിഞാൻകഠിനാധ്വാനംചെയ്യുകയാണ്. പക്ഷേ, എന്ത്ര കഴിവോ അനുഭവമോ ഇല്ലാത്തവർ പ്രൊമോഷൻ നേടിയിട്ടുണ്ട്. എനിക്ക് ഒരു മുന്നേറ്റവും ഇല്ല' എന്ന് നിരാശപ്പെട്ടു.

ആ മുൻ മേധാവി ചിന്തിച്ചു.' നീ ഫാക്ടറിയിൽ ഒഴിവാക്കാൻ കഴിയാത്തവൻ എന്ന് തെളിയിച്ചോ?' എന്ന് ചോദിച്ചു. 'എനിക്ക് അത് അറിയാം. മറ്റുള്ളവർക്കു മുന്നിൽ എങ്ങനെയാണ് അത് തെളിയിക്കുന്നത്?' എന്ന് അവൻ ചോദിച്ചു. 'എന്തെങ്കിലും കാരണം പറഞ്ഞ് ഒരാഴ്ച ലീവ് എടുക്കൂ' എന്ന് പറഞ്ഞു ആ വൃദ്ധൻ.

അവന് കാരണം മനസ്സിലായില്ലെങ്കിലും, അദ്ദേഹം പറഞ്ഞതു പോലെ ചെയ്തു. അവൻ ലീവിൽ ആയിരുന്ന സമയത്ത്. സുപ്രധാന യന്ത്രം കേടാവുകയും ജോലി നിലയ്ക്കുകയും ചെയ്തു. ആര്, എന്ത് ശ്രമിച്ചിട്ടും ഒന്നും ശരിയായില്ല. അത് നന്നാക്കാൻ അവന് മാത്രമേ അറിയൂ എന്നതിനാൽ, വീട്ടിൽ വന്ന് അവനെ കൂട്ടിക്കൊണ്ടുപോയി. അവൻ കൈ വച്ച് അര മണിക്കൂറിൽ യന്ത്രം പ്രവർത്തിക്കാൻ തുടങ്ങി. മാനേജർ അവനെ അഭിമാനത്തോടെ നോക്കി. അടുത്ത മാസം തന്നെ

അവന് പ്രൊമോഷൻ ലഭിച്ചു.

ഉടനേ വയോധികനെ അന്വേഷിച്ച് കണ്ടെത്തി നന്ദി പറഞ്ഞു. ആ സമയത്ത് അദ്ദേഹം എന്തോ ഉപദേശം നൽകാൻ ശ്രമിച്ചെങ്കിലും അത് ശ്രദ്ധിക്കാതെ തിരികെ വന്നു. അതിന് ശേഷം ആ യുവാവ് തനിക്ക് പ്രൊമോഷനോ ശമ്പള വർധനയോ ആവശ്യമായ സമയത്തെല്ലാം അവധി എടുക്കും. അവൻ അവധിയിലായിരിക്കുമ്പോൾ എന്തെങ്കിലും ഒരു പ്രശ്നം ഉണ്ടാകും. എല്ലാവരും ബുദ്ധിമുട്ടും. അവൻ എത്തി കാര്യങ്ങൾ ശരിയാക്കും. ഇത് ഏതാണ്ട് ഒരു വിനോദം പോലെ ആയി അവന്.

ഇത് പല മാസങ്ങൾ തുടർന്നു. ഒരു ദിവസം ആ യുവാവ് അവധി കഴിഞ്ഞ് ജോലിക്കെത്തിയപ്പോൾ, ഗേറ്റിൽ അവനെ തടഞ്ഞു. അവനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടതായി മാനേജർ പറഞ്ഞു. അവൻ അമ്പരപ്പോടെ തനിക്ക് വഴികാട്ടിയായ മുൻ മേധാവിയുടെ അടുത്ത് എത്തി. കാര്യം പറഞ്ഞു.

'ഞാൻ പറഞ്ഞതിൽ പകുതിയേ നീ കേട്ടുള്ളൂ. ബാക്കി ഉപദേശം നീ ശ്രദ്ധിച്ചില്ല. എപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന ബൾബ് ആരും ശ്രദ്ധിക്കാറില്ല. അത് അണഞ്ഞു പോയി ഇരുട്ടിൽ തപ്പുമ്പോഴാണ് അതിന്റെ ആവശ്യം മനസ്സിലാക്കുന്നത്. നിന്നോട് അവധി എടുക്കാൻ പറഞ്ഞത് അതിനു വേണ്ടിയാണ്. അതിനു ശേഷം നിനക്ക് പ്രൊമോഷൻ ലഭിച്ചു. പക്ഷേ, ഉപദേശത്തിന്റെ രണ്ടാം ഭാഗം അതിനേക്കാൾ പ്രധാനപ്പെട്ടതായിരുന്നു. ഒരു വിളക്ക് ഇടയ്ക്കിടെ അണഞ്ഞാൽ, പെട്ടെന്നു തന്നെ അതിന്മേലുള്ള വിശ്വാസം നഷ്ടപ്പെടും. അത് വലിച്ചെറിഞ്ഞ് മറ്റൊരു ബൾബ് വാങ്ങി വയ്ക്കും. ഇപ്പോൾ നിനക്ക് സംഭവിച്ചത് അതാണ്' എന്ന് പറഞ്ഞു ആ വൃദ്ധൻ.

ഒരു ജോലിയിൽ ഒഴിവാക്കാൻ പറ്റാത്തവരായിരിക്കുന്നത് നല്ലത്. പക്ഷേ, അതു വച്ച് മുതലെടുക്കാൻ ശ്രമിക്കുന്നത്, വിജയം നൽകില്ല. വിജയിക്കാൻ വേറെയും ചില ശീലങ്ങൾ അവശ്യം. അവ:

- നിങ്ങളുടെമേഖലയുമായിബന്ധപ്പെട്ട്ധാരാളം വായിക്കണം, അനുഭവം ലഭിക്കും, പ്രചോദനം ഉണ്ടാകും. മറ്റുള്ളവരുടെ വിജയപരാജയങ്ങളിൽ നിന്ന് പഠിക്കാൻ കഴിയും. എത്ര തിരക്കുള്ള ജോലികൾ ഉണ്ടായിരുന്നപ്പോഴും മുൻ അമേരിക്കൻ പ്രസിഡന്റ് ഒബാമ, മൈക്രോസോഫ്റ്റ് ഉടമ ബിൽ ഗേറ്റ്സ് എന്നിങ്ങനെയുള്ളവർ ദിവസവും ഒരു മണിക്കൂർ നേരമെങ്കിലും വായിക്കാൻ മാറ്റിവയ്ക്കാറുണ്ട്.

- സ്കൂൾ വിദ്യാർത്ഥിയെപ്പോലെ എപ്പോഴും പഠിക്കാൻ തയാറായ മാനസികാവസ്ഥയിലായിരിക്കണം. പഠിച്ച കാര്യങ്ങൾ തലയ്ക്കുള്ളിൽ വെറുതേ പതിഞ്ഞിരിക്കുന്നതിൽ അർത്ഥമില്ല. അവ നിങ്ങളുടെ ജോലിയിൽ ഉപയോഗപ്പെടുത്തണം.

- ടെൻഷൻ, ദേഷ്യം, വേദന, മാനസിക സമ്മർദ്ദം എന്നിങ്ങനെയുള്ള നെഗറ്റീവ് വികാരങ്ങൾ നിങ്ങളുടെ മനസ്സിൽ കുടിയേറാതെ നോക്കണം. ചാഞ്ചല്യമില്ലാത്ത മനസ്സിനേ ചുറ്റുമുള്ളത് ശ്രദ്ധിക്കാൻ കഴിയൂ. അവയിൽ നിന്ന് പഠിക്കാനും കഴിയും.

- ഒരു സമയത്ത് ഒരു ജോലിയിൽ മാത്രം പൂർണമായും ശ്രദ്ധിക്കണം. അപ്പോഴേ അത് വേഗത്തിലും വൃത്തിയായും പൂർത്തിയാക്കാൻ കഴിയൂ. ജോലിക്കിടയിൽ വിനോദം, മറ്റൊരു ചെറിയ ജോലി ചെയ്യൽ, മെസേജിന് മറുപടി നൽകൽ എന്നിങ്ങനെയായാൽ ശ്രദ്ധ വ്യതിചലിക്കും.

- ഒരുസ്ഥാപനത്തെവളർത്തിവലുതാക്കുന്നതു വരെ ഞായറാഴ്ച പോലും വിശ്രമമില്ലാതെ വർഷക്കണക്കിന് അധ്വാനിക്കുന്നവർ ഉണ്ട്. ടെന്നീസ് താരം സെറീനാ വില്യംസ് തന്റെ സ്കൂൾ കാലയളവിൽ രാവിലെ 6 മണിക്ക് ടെന്നീസ് പരിശീലിക്കാൻ ആരംഭിക്കുമായിരുന്നു. ടെന്നീസിൽ നിന്ന് വിരമിക്കും വരെ ആ ശീലം മാറ്റിയിട്ടില്ല. കഠിനാധ്വാനവും തുടർ പരിശീലനവും നിങ്ങളെ ഉയരങ്ങളിൽ നിലനിർത്തും.

- എത്ര മോശമായ പരാജയം ഉണ്ടായാലും ഒന്നും സംഭവിക്കാത്തതു പോലെ അടുത്ത ദിവസം തന്നെ തുടക്കം മുതൽ അധ്വാനിക്കാനുള്ള മനസ്സാന്നിധ്യം നേടണം. ഉയിർത്തെഴുന്നേൽക്കാൻ അറിയുന്നവർക്കേ ഈ ലോകം അവസരങ്ങൾ നൽകാറുള്ളൂ.

- ചെയ്യുന്ന ജോലി ഏതാണോ അതിൽ 100% നിപുണതനേടണം, 200% അർപ്പണബോധത്തോടെ ചെയ്യണം, 300 % ഉത്തരവാദിത്തം കാണിക്കണം. നിങ്ങളുടെ വിജയം ഒരു ശക്തിക്കും തടുക്കാൻ കഴിയില്ല.

•

വിജയവും പ്രശസ്തിയും

ഒരു സ്കൂളിൽ പുതിയ അധ്യാപകനായി ചേർന്ന ശേഖർ, പത്താം ക്ലാസ് വിദ്യാർത്ഥികളെ പഠിപ്പിക്കാനായി ക്ലാസ് റൂമിൽ എത്തി. എല്ലാവരേയും ശ്രദ്ധിച്ചപ്പോൾ, വിദ്യാർത്ഥിനികളുടെ കൂട്ടത്തിൽ അവസാന ബെഞ്ചിൽ ഒരു പെൺകുട്ടി വ്യത്യസ്തയായി തോന്നി. ദുഃഖത്തോടെയും മറ്റാരോടും ചേരാതെയും ഒറ്റയ്ക്ക് ഇരിക്കുന്നു.

അടുത്ത ആഴ്ച ഒരു ദിവസം അദ്ദേഹം ക്ലാസിൽ എത്തിയപ്പോൾ ആ വിദ്യാർത്ഥിനി കരഞ്ഞു കൊണ്ടിരിക്കുന്നു. 'എന്തു പറ്റി? എന്തിനാ കരയുന്നത്' എന്ന് ചോദിച്ചപ്പോൾ അവൾ മറുപടി പറയാതെ കൂടുതൽ കരയാൻ തുടങ്ങി. ശേഖറിന് ദേഷ്യം വന്നു, 'നിനക്ക് പഠിക്കാൻ താൽപര്യം ഇല്ല. പിന്നെ കരയുന്നതിൽ എന്ത് അർത്ഥം? കരയണമെങ്കിൽ മറ്റുള്ളവരെ ശല്യപ്പെടുത്താതെ വെളിയിൽ പോയി കരയൂ' എന്ന് പറഞ്ഞു.

അവൾ പിടിച്ച് എഴുന്നേറ്റ് വെളിയിൽ പോകാൻ ശ്രമിച്ചപ്പോഴാണ് അദ്ദേഹം ശ്രദ്ധിച്ചത്. ആ പെൺകുട്ടി ഒരു കാൽ സ്വാഭാവികമായി ചലിപ്പിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരിയാണ്. അത് കണ്ടതും അദ്ദേഹത്തിന് കുറ്റബോധം തോന്നി. 'സോറി, ഞാൻ ശ്രദ്ധിച്ചില്ലായിരുന്നു. നീ അവിടെത്തന്നെ ഇരിക്കൂ' എന്ന് പറഞ്ഞു. ആ പെൺകുട്ടി വീണ്ടും ഇരുന്നതും, 'നിന്റെ പ്രശ്നം എന്നോട് പറയാൻ കഴിയുന്നതാണെങ്കിൽ പറയൂ. അല്ലെങ്കിൽ കരച്ചിലെങ്കിലും നിർത്തൂ' എന്ന് സ്നേഹത്തോടെ പറഞ്ഞു.

'സയൻസ് ടീച്ചർ അവളുടെ അമ്മയെക്കുറിച്ച് തെറ്റായി സംസാരിച്ചു. അതിനാലാണ് അവൾ കരയുന്നത്' എന്ന് മറ്റൊരു വിദ്യാർത്ഥിനി പറഞ്ഞു. ശേഖർ സ്തബ്ധനായിപ്പോയി. അതെങ്ങനെ ഒരു വിദ്യാർത്ഥിനിയുടെ അമ്മയെക്കുറിച്ച് ഒരു ടീച്ചർ തെറ്റായി സംസാരിക്കുന്നത്?

അന്ന് സ്കൂൾ സമയം കഴിഞ്ഞതും ആ വിദ്യാർത്ഥിനിയെ വിളിച്ച് കാര്യം അന്വേഷിച്ചു. അവളുടെ പേര്, രോഹിണി. അവളുടെ അമ്മയും അച്ഛനും വിവാഹ മോചിതരാണ്. അമ്മയും അവളും അവളുടെ അനുജനും മാത്രമാണ് ഒരുമിച്ച് കഴിയുന്നത്. അമ്മ തയ്യൽ ജോലി ചെയ്തും അച്ചാറും പപ്പടവും പോലെയുള്ളവ തയാറാക്കി വിറ്റും കുടുംബം നോക്കുന്നു. കഷ്ടപ്പെട്ടാണ് കഴിയുന്നത്. പക്ഷേ, ഗൗരവത്തോടെ ജീവിക്കുന്ന അവരുടെ കുടുംബത്തെ നാട്ടുകാർ സംശയത്തോടെയാണ് കാണുന്നത്. പലരും അപവാദം പറഞ്ഞു പരത്തുന്നു.

അത്അധ്യാപകരുടെകാതിലുംഎത്തിയിരുന്നു. സയൻസ് ടീച്ചർ അന്ന്, 'നിനക്ക് സയൻസ് തലയിൽ

കയറില്ല. ട്യൂഷന് ചേർന്നോളൂ. നിന്റെ അമ്മ പല മാർഗങ്ങളിലൂടെയും സമ്പാദിക്കുകയല്ലേ?' എന്ന് അടക്കിച്ചിരിച്ചു കൊണ്ട് പറഞ്ഞു. അതിനാലാണ് അവൾ കരഞ്ഞത്.

ഇത് കേട്ടപ്പോൾ ശേഖർ ഞെട്ടിപ്പോയി. 'നീ നന്നായി പഠിച്ച് മുന്നേറിയാലേ ആൾക്കൂട്ടത്തിന്റെ വായടപ്പിക്കാൻ കഴിയൂ. നിന്റെ കുടുംബത്തിനെയും നല്ല നിലയിൽ കൊണ്ടുവരാം. നിന്റെ അമ്മയ്ക്കും കഷ്ടപ്പാടിൽ നിന്ന് മോചനം ലഭിക്കും. ഒന്നിനെക്കുറിച്ചും ചിന്തിക്കാതെ പഠനത്തിൽ ശ്രദ്ധിക്കൂ' എന്ന് ഉപദേശിച്ചു അദ്ദേഹം.

ശേഖർ പ്രത്യേകമായി ട്യൂഷൻ എടുക്കാതെ, സ്കൂളിൽ തന്റെ വിഷയം കരുതലോടെ പഠിപ്പിച്ച് എല്ലാവർക്ക് നല്ല മാർക്ക് നേടാൻ വഴിയൊരുക്കി. അതു കൊണ്ടു തന്നെ വിദ്യാർത്ഥികൾക്കിടയിൽ നല്ല മതിപ്പും നേടി. എല്ലാവരോടും സ്നേഹം കാണിക്കുന്നതിനാൽ വിദ്യാർത്ഥികൾ അദ്ദേഹത്തെ ബഹുമാനിച്ചു.

ഒരു ദിവസം അദ്ദേഹം മാർക്കറ്റിൽ പോയപ്പോൾ രോഹിണിയെയും അമ്മയെയും കണ്ടുമുട്ടി. തന്റെ മകളെ നന്നായി പഠിക്കാൻ പ്രേരിപ്പിച്ച ശേഖറിന് രോഹിണിയുടെ അമ്മ നന്ദി പറഞ്ഞു.

അടുത്ത ദിവസം അവർ ശേഖറിനു വേണ്ടി അച്ചാറും പപ്പടവും നന്ദിയോടെ കൊടുത്തയച്ചു. അധ്യാപകരുടെ മുറിയിൽ ശേഖർ ഇരുന്നപ്പോൾ അത് രോഹിണി കൊണ്ടുവന്ന് നൽകി. ശേഖർ നിരസിച്ചു. എന്നിരുന്നാലും രോഹിണിയോടുള്ള സ്നേഹം കൊണ്ട് അവ വാങ്ങി. അത് സഹ അധ്യാപകർ കാണുകയും ചെയ്തു.

വിദ്യാർത്ഥികൾക്കിടയിൽ ശേഖർ നല്ല പേര് എടുത്തതിൽ ചില അധ്യാപകർക്ക് നീരസമുണ്ട്. അവരിൽ പ്രധാനിയാണ് ആസയൻസ് ടീച്ചർ. അവർ കളിയാക്കിക്കൊണ്ട്, 'എന്താ ശേഖർ, നിങ്ങൾ ഇടയ്ക്കിടെ അവരുടെ വീട്ടിൽ പോകുന്നതായി നാട്ടുകാർ പറയുന്നുണ്ടല്ലോ. ആ സമയത്ത് ഈ അച്ചാർ വാങ്ങിയിരിക്കാമല്ലോ?' എന്ന് ചോദിച്ചു. ശേഖറിന് ദേഷ്യം അടക്കാനായില്ല. 'പ്രായത്തിന് അനുസരിച്ച് സംസാരിക്കൂ' എന്ന് ശകാരിച്ചു.

അതിനു ശേഷം ആ ടീച്ചർ ഉടനേ പ്രിൻസിപ്പലിനോട് ശേഖറിനെയും രോഹിണിയുടെ അമ്മയേയും കുറിച്ച് പരാതിപ്പെട്ടു. ശേഖറിനെ വിളിപ്പിച്ച പ്രിൻസിപ്പൽ, 'സ്കൂളിന്റെ നല്ല പേര് നിങ്ങൾ നശിപ്പിക്കുകയാണ്. നിങ്ങളുടെ പെരുമാറ്റം നല്ലതല്ല. നിങ്ങളെ ഡിസ്മിസ് ചെയ്യുകയാണ്' എന്ന് കാർക്കശ്യത്തോടെ പറഞ്ഞു. ശേഖർ പറഞ്ഞ ന്യായമായ ഉത്തരങ്ങൾ ഒന്നും അദ്ദേഹം ശ്രദ്ധിച്ചില്ല. ശേഖർ നിരാശയോടെ ആ നാട്ടിൽ നിന്ന് പോയി.

രണ്ട് ദിവസം കഴിഞ്ഞ് ശേഖറിന്റെ വീട്ടിൽ സ്കൂൾ മാനേജർ എത്തി. 'സോറി സർ. നടന്നതെല്ലാം മറന്ന് താങ്കൾ വീണ്ടും ജോലിക്ക് വരണം. താങ്കളെ ഡിസ്മിസ് ചെയ്ത കാര്യം അറിഞ്ഞതും, ധാരാളം അധ്യാപകർ എതിർപ്പ് പ്രകടിപ്പിച്ചു. വിദ്യാർത്ഥികൾ പ്രക്ഷോഭത്തിലാണ്.



എനിക്ക് സത്യം പിന്നീടാണ് ബോധ്യപ്പെട്ടത്. തെറ്റിദ്ധാരണ പരത്തിയ ആ ടീച്ചറെയും പ്രിൻസിപ്പലിനെയും ഡിസ്മിസ് ചെയ്തു. താങ്കൾ വന്ന് പ്രിൻസിപ്പലായി ചുമതലയേൽക്കണം' എന്ന് വിനയത്തോടെ പറഞ്ഞു.

തന്റെ സൽപേര് സമൂഹത്തിന് ബോധ്യപ്പെട്ടതും വിജയിയായി മടങ്ങിയെത്തി ശേഖർ. അങ്ങനെ പത്ത് വർഷം കടന്നു പോയി. രോഹിണി ഇപ്പോൾ ഒരു ബാങ്ക് ഉദ്യോഗസ്ഥയാണ്. അവളെപ്പോലെ ആ സ്കൂളിൽ നിന്ന് പലരും ഉന്നത ഉദ്യോഗങ്ങളിൽ എത്തി. നിരവധി വിജയികളെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ് ഈ സ്കൂൾ. ●

വിജയത്തിനും എന്താണ് നൽകേണ്ടത്?

- മറ്റുള്ളവർ പലരും 'സാധ്യമല്ല' എന്ന് പിന്മാറിയ ശേഷവും വിജയികൾ തുടർന്നും അധ്വാനിച്ചു കൊണ്ടേയിരിക്കും. ആ പ്രവർത്തിയിൽ ലഭിക്കുന്ന ഫലം എന്താണെന്ന് അവർക്ക് വ്യക്തമായി ബോധ്യമുണ്ടായിരിക്കും.
- വിജയം നേടാൻ ഒരു വില നൽകേണ്ടതുണ്ടെന്ന് അവർക്ക് അറിയാം. തങ്ങളുടെ ഉറക്കം, വിനോദം, സമയം എന്നിവ ത്യാഗം ചെയ്ത് അത് നേടും.
- അവർക്ക് കൃത്യമായ ലക്ഷ്യം ഉണ്ടായിരിക്കും; അത് നേടാൻ വ്യക്തമായ പദ്ധതിയും. ഉറക്കത്തിൽ ഉണർത്തി ചോദിച്ചാലും അക്കാര്യം പറയും.
- മനുഷ്യരെ മനസ്സിലാക്കുന്നതിലും അവരെ പ്രോത്സാഹിപ്പിച്ച് ജോലി ചെയ്യിപ്പിക്കുന്നതിലും മിടുക്കരായിരിക്കും ഇവർ.
- പണം, മര്യാദ, അന്തസ്സ്, സൗകര്യങ്ങൾ എന്നിവ ഒന്നും അവരെ മാറ്റില്ല. വിജയിക്കാൻ എന്ത് നഷ്ടപ്പെടുത്താനും തയാറായിരിക്കും.

വിജയികൾ ഇങ്ങനെ ആയിരിക്കും

- സ്വയം മനസ്സിലാക്കാനുള്ള കഴിവ് അവർക്ക് ഉണ്ടായിരിക്കും. താൻ ആര്, തന്റെ ലക്ഷ്യം എന്ത്, ബലവും ബലഹീനതയും, തന്റെ ഉത്തരവാദിത്തം എന്നിങ്ങനെ എല്ലാം ബോധ്യമുണ്ടായിരിക്കും.
- തങ്ങളുടെ വികാരങ്ങളും സമയവും സ്വന്തം നിയന്ത്രണത്തിലായിരിക്കും. ഏത് സന്ദർഭത്തിലും എപ്രകാരം തങ്ങളെ വെളിപ്പെടുത്തണം എന്ന് അറിഞ്ഞിരിക്കും. അതുപോലെ നാളെ എന്താണ് ചെയ്യേണ്ടത്, അടുത്ത ആഴ്ച എന്താണ് ചെയ്യേണ്ടത്, അടുത്ത മാസം എന്താണ് ചെയ്യേണ്ടത് എന്ന് സമയം ആസൂത്രണം ചെയ്യും.
- അവർക്ക് മടിയുണ്ടാകില്ല. ഒരു ജോലി ആസൂത്രണം ചെയ്യുന്നതിനു മുമ്പേ അത് ചെയ്യാൻ തയാറായിരിക്കും.
- തങ്ങളുടെ ലക്ഷ്യത്തിൽ വ്യക്തത ഉണ്ടായിരിക്കും. അത് നേടാനുള്ള വഴിയും അവർ തീരുമാനിച്ചിരിക്കും. തങ്ങൾക്ക് അർഹതപ്പെട്ടതിലും കുറവായ കാര്യങ്ങൾ അവർ ഒഴിവാക്കും.
- 'ഇത് ചെയ്യണം' എന്ന് പറയുന്നതിനു മുമ്പേ അവർ പ്രവർത്തിച്ചിരിക്കും. മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്ന് അവർ വേഗം പഠിക്കും.
- ഒരു ജോലി ഭംഗിയോടെയും മറ്റൊന്ന് താറുമാറായും ചെയ്യാൻ അവർക്ക് കഴിയില്ല. എല്ലാത്തിലും ചിട്ട ഉണ്ടായിരിക്കും. എപ്പോഴും എന്തും കൃത്യതയോടെ ചെയ്യും.

ഇച്ഛാശക്തിയാണ് മന്ത്രം

സ്കൂളിൽ അപ്രതീക്ഷിതമായി തീപിടുത്തം ഉണ്ടായപ്പോൾ, ക്ലാസിൽ ഇരുന്നിരുന്ന ഒരു കുട്ടിക്ക് വലിയ രീതിയിൽ പൊള്ളലേറ്റ് ആശുപത്രിയിലായി. 'കാലുകൾ മുതൽ കഴുത്തു വരെ പൊള്ളലേറ്റു. ഇവനെ രക്ഷപ്പെടുത്താൻ കഴിയുമെന്ന് തോന്നുന്നില്ല. അഥവാ ജീവിച്ചാലും ജീവിതകാലം മുഴുവൻ കിടപ്പിലായിരിക്കും' എന്ന് ഡോക്ടർ അവന്റെ അമ്മയോട് പറഞ്ഞു.

ഡോക്ടർ പറഞ്ഞത് കുട്ടിയും കേട്ടു. പക്ഷേ ആ ധൈര്യശാലി മരിക്കാൻ തയാറായിരുന്നില്ല. അവൻ ജീവിക്കാൻ ആഗ്രഹിച്ചു. ആ ജീവിതത്തിലും അവൻ കിടന്നില്ല. തന്റെ കാലുകൾക്ക് പരിശീലനം നൽകി അവൻ മെല്ല മെല്ല നടക്കാൻ ആരംഭിച്ചു. പിന്നീട് സ്കൂളിലേക്ക് വീട്ടിൽ നിന്ന് ഓടും. സ്കൂൾ മൈതാനത്തിൽ ഓടും. ഓടുന്നത് അവന് ഇഷ്ടമായിരുന്നു. സ്കൂളിൽ അത്‌ലറ്റിക്സ് ടീമിൽ ചേർന്നു.

ഗ്ലെൻ കണ്ണിംഗ്ഹാം എന്ന അദ്ദേഹമാണ് 1934-ൽ അമേരിക്കയിൽ ഒരു മൈൽ ഓട്ടപ്പന്തയത്തിൽ ലോക റെക്കോർഡ് സ്ഥാപിച്ചത്. ജീവിക്കുകയുമില്ല, നടക്കുകയുമില്ല എന്ന് വിധിയെഴുതിയ അദ്ദേഹം ഒളിംപിക്സിൽ 1500 മീറ്റർ ഓട്ടപ്പന്തയത്തിൽ വെള്ളി മെഡൽ നേടി. ഇച്ഛാശക്തിയാണ് വിജയത്തിനുള്ള മന്ത്രം.

ധൈര്യമാണ് തുണ

പത്ത് തവണ പരാജയപ്പെട്ടാലും പതിനൊന്നാമത്തെ ശ്രമവും അതേ മനസ്സാന്നിധ്യത്തോടെ ചെയ്ത് ലക്ഷ്യത്തിലേക്ക് മുന്നേറുന്നതാണ് ധൈര്യത്തിന്റെ അടയാളം. ധാരാളം പേർ പരാജയം പ്രതിസന്ധിയായാണ് കാണുന്നത്. പക്ഷേ, അത് പടിക്കല്ലാണ്. പരാജയത്തെ അവസരമായി കണ്ടാൽ, വിജയം നിങ്ങളുടെ ശീലമായി മാറും. വിജയം ഒരു പാഠവും പഠിപ്പിക്കില്ല. പക്ഷേ പരാജയം പഠിപ്പിക്കും.

നാം എങ്ങനെ ആയിരിക്കണം എന്ന് ഈ ലോകത്ത് മറ്റുള്ളവർക്ക് ഒരു അഭിപ്രായം ഉണ്ടായിരിക്കും. പക്ഷേ, നമ്മുടെ അഭിപ്രായത്തിന് അനുസൃതമായി നമ്മുടെ ജീവിതം രൂപപ്പെടുത്തുന്നതാണ് ധൈര്യത്തിന്റെ അടയാളം. ഒരു സ്വപ്നം തെരഞ്ഞെടുക്കുന്നതു പോലെ, അതിൽ നിലയുറപ്പിക്കുന്നതും ധൈര്യത്തിന്റെ അടയാളം തന്നെ. പരാജയങ്ങൾ വരും, അതിന്റെ കാരണം കൊണ്ട് വിമർശനങ്ങൾ ഉയരും, പക്ഷേ സ്വപ്നം നഷ്ടപ്പെടുത്താതിരിക്കാൻ ധൈര്യം വേണം. നമുക്ക് വ്യക്തത ഉണ്ടെങ്കിൽ നമ്മുടെ ലക്ഷ്യം സാധ്യമാകും.

വൃക്ഷത്തിന്റെ ആദ്യ നാമ്പ്

ഒരു നാമ്പായി ഒരു വിത്തിൽ നിന്ന് മഹാവൃക്ഷം ഉണ്ടാകും. അഡിഡാസ് എന്ന സ്ഥാപനം അങ്ങനെയാണ് വളർന്നത്. ഇന്ന് കളിക്കളത്തിൽ കാലെടുത്തുവയ്ക്കുന്ന എല്ലാവരും ധരിക്കുന്നത് അഡിഡാസ് ഷൂകൾ ആണ്. ജർമ്മനിയിലെ ഒരു ചെറിയ നഗരത്തിൽ, അഡോൾഫ് ഡാസ്‌ലർ രൂപപ്പെടുത്തിയ സ്ഥാപനമാണ് അഡിഡാസ്.

സ്ഥാപനം ആരംഭിക്കുന്നതിനു മുമ്പേ, സ്വന്തമായി ഷൂകൾ തയാറാക്കി വിൽക്കുമ്പോഴേ, 'കായികതാരങ്ങൾക്ക് ലോകോത്തര ഷൂകൾ തയാറാക്കി നൽകണം' എന്ന് അദ്ദേഹം സ്വപ്നം കണ്ടു. താൻ തയാറാക്കി നൽകിയ ഷൂകൾ ധരിച്ച് കളിക്കാൻ അഭ്യർത്ഥിച്ച അദ്ദേഹം, അവരുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുത്ത്, മാറ്റങ്ങൾ വരുത്തി. അങ്ങനെ മികച്ച ഷൂകൾ അദ്ദേഹം രൂപപ്പെടുത്തി.

1954-ൽ ജർമ്മൻ ടീം ഫുട്ബോൾ ലോക കപ്പ് നേടിയപ്പോൾ അഡിഡാസിനെക്കുറിച്ച് ലോകം അറിഞ്ഞു. ഉപഭോക്താക്കളുടെ അഭിപ്രായത്തിന് വില നൽകി ഒരു വസ്തു രൂപപ്പെടുത്തിയാൽ, അത് എല്ലാവരും വാങ്ങും എന്നതിന്റെ അടയാളമാണ് അഡിഡാസ്.

വിജയിക്കാനുള്ള ദൈനംദിന ശീലങ്ങൾ

- രാവിലെഎഴുന്നേറ്റതും വ്യായാമം, പഠനം, യോഗ അല്ലെങ്കിൽ ധ്യാനം എന്നിങ്ങനെ ചില പതിവ് ശീലങ്ങൾ പിന്തുടരണം. വൈകുന്നേരവും ചെയ്യണം. 'എല്ലാം ഭംഗിയായി നടക്കുന്നു' എന്ന് വികാരം ഇത് ഉണ്ടാക്കും.
- രാവിലെ നിങ്ങളുടെ ശക്തി ഉച്ചസ്ഥായിയിലായിരിക്കുമ്പോൾ, അന്നത്തെ ഏറ്റവും ബുദ്ധിമുട്ടായ ജോലി ഏറ്റെടുക്കണം. അപ്പോഴേ അടുത്തടുത്ത ജോലികൾ ലളിതമാകുകയും അവ പെട്ടെന്ന് പൂർത്തിയാക്കാനും കഴിയും.
- രാത്രി ഉറങ്ങാൻ പോകും മുമ്പ്, അടുത്ത ദിവസത്തെ ജോലികൾ ആസൂത്രണം ചെയ്യണം. മനസ്സു കൊണ്ട് ആ ജോലിക്ക് നിങ്ങൾക്ക് തയാറാകാൻ ഇത് സഹായിക്കും. ആ ജോലിക്ക് എന്തൊക്കെ ആവശ്യമായി വരും എന്നത് മനസ്സിലാക്കി റെഡിയാകാൻ ഇത് സൗകര്യമൊരുക്കും.
- നിങ്ങളുടെ പഠനം, ജോലി, തൊഴിൽ, ബിസിനസ്, ജീവിതം എന്നിങ്ങനെ എന്തു തന്നെ ആയാലും അതിൽ നിങ്ങൾക്ക് ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. ആ ലക്ഷ്യങ്ങൾക്ക് അനുസൃതമായിനിങ്ങളുടെജോലിക്ക്മുൻതൂക്കം നൽകും. ആ ജോലിയിൽ ഇഴുകിച്ചേരണം. നിങ്ങളുടെ വികാരത്തിൽ അത് അലിയണം.
- റോഡരികിൽ മൈൽക്കുറ്റികൾ ഉള്ളത് നാം എത്ര ദൂരം യാത്ര ചെയ്തു, ഇനി എത്ര ദൂരം യാത്ര ചെയ്യണം എന്ന് ബോധ്യപ്പെടുത്താനാണ്. സമാനമായി നിങ്ങളുടെ യാത്രയിൽ എത്ര ദൂരം കടന്നിരിക്കുന്നു, എങ്ങനെയാണ് യാത്ര എന്നൊക്കെഇടയ്ക്കിടെ ശ്രദ്ധിക്കണം.
- ഒരു ജോലിയിൽ എത്ര കണ്ട് ശ്രദ്ധിക്കുന്നു, ഏത് രീതിയിൽ അധ്വാനിക്കുന്നു, അത് എത്ര സമയത്തിൽ പൂർത്തിയാകും, അതിൽ നിന്ന് എന്ത് ഫലം ലഭിക്കുന്നു... ഈ നാല് കാര്യങ്ങളും ഇടയ്ക്കിടെ ചിന്തിച്ചു നോക്കണം. പ്രധാനപ്പെട്ട ജോലികൾ ചെയ്യുമ്പോൾ ഇത് ശ്രദ്ധിച്ചാൽ, ഫലത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജോലിക്കും വേണ്ട അധ്വാനം നൽകാം.
- ഏത് കാര്യം ചെയ്യുമ്പോഴും ഇതിൽ നാം അന്തിമമായിപ്രതീക്ഷിക്കുന്ന ഫലം ലക്ഷ്യം വച്ച് ആരംഭിക്കണം. അത് നമ്മെ ഉത്സാഹത്തോടെ അധ്വാനിക്കാൻ പ്രേരിപ്പിക്കും.
- നമ്മുടെ വികാരങ്ങളുമായി കളിച്ച് നമ്മെ ദിശമാറ്റുന്ന ധാരാളം കാര്യങ്ങൾ ഉണ്ട്. ചില മനുഷ്യരും അങ്ങനെ ചെയ്യുന്നവരായിരിക്കും. നിങ്ങൾ കേട്ടത് വിശ്വസിക്കുകയേ അരുത്. കണ്ടത് പകുതി വിശ്വസിക്കാം. അന്വേഷിച്ച് പൂർണമായി അറിഞ്ഞ ശേഷമായിരിക്കണം എന്തും വിശ്വസിക്കേണ്ടത്.
- എന്തെങ്കിലും ഒന്ന് സംഭവിച്ച ശേഷം, അത് തിരുത്താനോ അല്ലെങ്കിൽ അതേപോലെ മറ്റൊരു കാര്യം ചെയ്യാനോ ധാരാളം പേർ ശ്രമിക്കും. അത്തരത്തിലുള്ള ജോലികൾ ഫലം നൽകില്ല. ഒരു കാര്യം സംഭവിക്കുന്നതിനു മുമ്പ് തന്നെ അത് കണക്കുകൂട്ടി അതിന് അനുസൃതമായി തയാറായിരിക്കുന്നതാണ് വിജയിക്കാനുള്ള മാർഗം.

- പഠനം സ്കൂളിലും കോളേജിലും അവസാനിക്കുന്ന ഒന്നല്ല. അത് ജീവിതം മുഴുവനും തുടരും. ഓരോ ദിവസവും ഏതെങ്കിലും ഒന്ന് അൽപമെങ്കിലും പഠിക്കണം. അത് നിങ്ങളെ ഈ കാലഘട്ടത്തിനോടും സാങ്കേതിക വിദ്യയോടും കൂടുതൽ അടുപ്പിക്കും.

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL

SUKRA® SUPER FINE COTTON VESTS | ROMEX® SUPERIOR BANIANS | RISE-UP® PREMIUM BANIANS | ACOSTE® LUXURY INNERWEARS | Breeze® Eye Let Vests | WinStripe® STRIPED BANIANS | ARCHERY® GYM VEST | COMPACT® PREMIUM COTTON RIB VESTS | LITTLE STARS® KIDS INNERWEARS

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-11-2025.Posted at Tirupur BPC on 5th of every month.